بِسْمِ اللهِ الرَّحْمٰنِ الرَّحِيْم نَحْمَدُهٗ وَنُصَلِّى عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 7

ലക്കം 21

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 മെയ് 26/ഹി.ശം. 1401 ഹിജ്റത്ത് 26/ഹിജ്റ 1443 ശവ്വാൽ 24


## അല്ലാഹുവിന്റെ വചനം

وَاِذَا جَآءَكَ الَّذِيْنَ يُؤْمِنُوْنَ بِاٰيٰتِنَا فَقُلْ سَلٰمٌ عَلَيْكُمْ كَتَبَ رَبُّكُمْ عَلٰى نَفْسِهِ الرَّحْمَةَ ۙ اَنَّهٗ مَنْ عَمِلَ مِنْكُمْ سُوْٓءًۢا بِجَهَالَةٍ ثُمَّ تَابَ مِنْۢ بَعْدِهٖ وَاَصْلَحَ فَاَنَّهٗ غَفُوْرٌ رَّحِيْمٌ ○ (الانعام: 55)

'നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർ നിന്റെയടുക്കൽ വന്നാൽ, നിങ്ങൾക്കു സമാധാനമുണ്ടാവട്ടെ; നിങ്ങളുടെ നാഥൻ കാരുണ്യത്തെ തന്റെ ബാധ്യതയാക്കിവെച്ചിരിക്കുന്നു' എന്നു പറയുക. അതായത് നിങ്ങളിൽനിന്നാരെങ്കിലും അജ്ഞതനിമിത്തം തിന്മ ചെയ്യുകയും എന്നിട്ട് അതിനുശേഷം പശ്ചാത്തപിച്ചു മടങ്ങുകയും സ്വയം തിരുത്തി നന്നാക്കുകയും ചെയ്യുന്നതായാൽ(അവൻ പൊറുത്തുതരും). അവൻ സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.'(6:55)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ഹദ്റത്ത് സഅ്ദ് ബിൻ റബീഅയുടെ ത്യാഗവികാരം

(2048) ഞങ്ങൾ മദീനയിൽ വന്നപ്പോൾ എന്റെയും റബീഅ്ന്റെ പുത്രൻ സഅ്ദിന്റേയുമിടയിൽ നബി(സ)തിരുമേനി സാഹോദര്യബന്ധം സ്ഥാപിച്ചു. സഅ്ദ് പറഞ്ഞു: അൻസ്വാറിന്റെ കൂട്ടത്തിൽ കൂടുതൽ ധനമുള്ളവനാണു ഞാൻ. എന്റെ ധനത്തിൽനിന്ന് പകുതി താങ്കൾക്കു ഞാൻ ഭാഗിച്ചു തരാം. എന്റെ രണ്ടുഭാര്യമാരിൽ ആരെയാണ് താങ്കൾ ഇഷ്ടപ്പെടുന്നതെന്ന് നോക്കുക. ഞാൻ അവളേയും വിട്ടുതരാം.(വിവാഹമോചനം നടന്ന്) അവളുടെ ഇദ്ദ കഴിഞ്ഞാൽ താങ്കൾക്കവളെ ഞാൻ വിവാഹം ചെയ്തുതരാം. അപ്പോൾ അബ്ദുർറഹ്മാൻ പറഞ്ഞു: അതൊന്നും എനിക്കാവശ്യമില്ല. ഇവിടെ കച്ചവടം ചെയ്യാൻ പറ്റുന്ന വല്ല അങ്ങാടിയുമുണ്ടോ? സഅ്ദ് പറഞ്ഞു: ഉണ്ട്, ഖയ്നഖാഅ് അങ്ങാടിയാണത്. അബ്ദുർറഹ് മാൻ ആ മാർക്കറ്റിലേക്ക് പ്രഭാതത്തിൽ പുറപ്പെട്ടു. കുറച്ചു പാൽക്കട്ടിയും നെയ്യുമായി വന്നു.(അതു വിറ്റു). പിന്നീടെന്നും അതു പതിവാക്കി. അധികം താമസിച്ചില്ല. ഒരിക്കൽ അബ്ദുർറഹ്മാൻ തന്റെ വസ്ത്രത്തിൽ മഞ്ഞ സുഗന്ധ ദ്രവ്യം പുരട്ടിവന്നു. അപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: 'നീ വിവാഹം കഴിച്ചോ?' അതേ എന്നു അദ്ദേഹം പറഞ്ഞു. ആരെയെന്ന് നബി(സ)തിരുമേനി വീണ്ടും ചോദിച്ചു. ഒരു അൻസ്വാരി സ്ത്രീയെ എന്നദ്ദേഹം മറുപടി പറഞ്ഞു. നിങ്ങൾ അവർക്ക് മഹ്ർ എത്രകൊടുത്തുവെന്ന് നബി(സ) തുടർന്നു ചോദിച്ചു. ഒരു ഈത്തപ്പഴക്കുരിവോളം സ്വർണം. നബി(സ)തിരുമേനി പറഞ്ഞു, ഒരാടിനെ അറുത്തെങ്കിലും നീ വിവാഹ സദ്യ നടത്തുക. *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുൽബുയൂഅ്, പ്രസാധനം ഖാദിയാൻ 2008)*

## ലോകാവസാനംവരേക്കുമുള്ള ജനസഞ്ചയത്തിന് ജീവനുള്ള റസൂൽ മുഹമ്മദു റസൂലുല്ലാഹ് (സ)മാത്രമാണ്.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് ﷺന്റെ ഉപദേശങ്ങൾ

അജ്ഞരും ദോഷം ആഗ്രഹിക്കുന്നവരുമായ എതിരാളികൾ ഈ അറിവിൽ ഒരിക്കലും ചിന്തിച്ചിട്ടില്ല. അവർ നബി(സ)തിരുമേനിയുടെ അമാനുഷികപ്രവർത്തികളുടെ മേൽ ആക്ഷേപമുന്നയിച്ചു. എന്നാൽ, ഖേദകരമെന്നു പറയട്ടെ, ആ കണ്ണടച്ച് ആക്ഷേപമുന്നയിക്കുന്നവർക്ക് എത്രത്തോളം ദിവ്യാത്ഭുതങ്ങളാണോ നമ്മുടെ നബി(സ)തിരുമേനിയിൽനിന്ന് പ്രകടമായത്, ലോകത്തുവന്ന സകല പ്രവാചകന്മാരുടേയും ദിവ്യാത്ഭുതങ്ങളും അതിനെതിരിൽവെച്ചാലും ഞാൻ ഈമാനോടുകൂടി പറയുന്നു, നമ്മുടെ നബി(സ)തിരുമേനിയുടെ ദിവ്യാത്ഭുതങ്ങൾ അതിനെക്കാളൊക്കെ മികച്ചതായി സ്ഥാപിതമാകുന്നതായിരിക്കും. വിശേഷിച്ച് നബി(സ)തിരുമേനിയുടെ പ്രവചനങ്ങൾകൊണ്ട് വിശുദ്ധ ഖുർആൻ നിറഞ്ഞുകിടക്കുമ്പോൾ! ഖിയാമത്തുവരെ എന്നല്ല അതിനുശേഷംവരെയുള്ള പ്രവചനങ്ങൾ അതിലുണ്ട്. നബി(സ)തിരുമേനിയുടെ പ്രവചനങ്ങളുടെ ഏറ്റവും വലിയ തെളിവ് എല്ലാ കാലത്തും ആ പ്രവചനങ്ങൾക്ക് ജീവസുറ്റ തെളിവു നല്കുന്ന കാര്യങ്ങൾ അതിലുണ്ടെന്നതാണ്. എങ്ങനെയെന്നാൽ, പ്രവചനങ്ങളുടെ മഹത്തായ അടയാളം എനിക്കു നല്കി. യാഥാർത്ഥ്യങ്ങൾ അറിയാത്തവർക്കും ഈശ്വരീയ ജ്ഞാനങ്ങളിൽനിന്ന് അജ്ഞരായിട്ടുള്ളവർക്കും നമ്മുടെ നബിസ)തിരുമേനിയുടെ അമാനുഷികദൃഷ്ടാന്തങ്ങൾ എത്രമാത്രം സ്ഥിരപ്രതിഷ്ഠവും അനശ്വരവുമാണെന്ന് കാണിക്കുന്നതിന് ഇക്കാലത്ത് അല്ലാഹു എന്നെ അടയാളമെന്നോണം എഴുന്നേല്പിച്ചു നിറുത്തി.

ഈ അടയാളങ്ങളിൽ എന്നെ നേരിടാൻ, ബനീ ഇസ്റായീലിലെ അവശേഷിച്ച യഹൂദുകളിലോ അല്ലെങ്കിൽ ഹദ്റത്ത് മസീഹ്(അ)നെ ദൈവവും ദൈവപുത്രനുമായി മനസ്സിലാക്കുന്നവരിലോ ആരെങ്കിലുമുണ്ടോ? ഞാൻ ഉച്ചത്തിൽ വിളിച്ചുപറയുകയാണ്, ആരുംതന്നെ ഉണ്ടാവില്ല. ഒരാൾപോലും ഉണ്ടാവില്ല. ഇത് നമ്മുടെ നബി(സ)തിരുമേനിയുടെ പ്രതാപപരമായ ദിവ്യദൃഷ്ടാന്തം കാണിക്കുക്കന്നതിന്റെ ശക്തിക്കുള്ള തെളിവാണ്. കാരണം നേതാവായ നബിയുടെ ദിവ്യദൃഷ്ടാന്തങ്ങൾ തന്നെയാണ് അദ്ദേഹത്തിന്റെ ഏതെങ്കിലും അനുയായിയുടെ കൈയാൽ വെളിപ്പെടുന്ന ദിവ്യദൃഷ്ടാന്തങ്ങളുമെന്ന് എല്ലാവരാലും അംഗീകരിക്കപ്പെട്ടതാണ്. അതുകൊണ്ട് ഏതൊരു ദിവ്യദൃഷ്ടാന്തമാണോ എനിക്കു നല്കപ്പെട്ടിട്ടുള്ളത്, ഏതൊരു പ്രവചനത്തിന്റെ മഹത്തായ അടയാളം എനിക്കു നല്കപ്പെട്ടിരിക്കുന്നുവോ അത് യഥാർഥത്തിൽ നബി(സ)തിരുമേനിയുടെ ജീവസുറ്റ ദിവ്യദൃഷ്ടാന്തങ്ങളാണ്. മറ്റൊരു നബിയുടെ അനുയായിക്കും ഇപ്രകാരം ക്ഷണിച്ചുകൊണ്ട് ഇന്ന് അത് പ്രകടമാക്കി അഭിമാനിക്കാൻ സാധ്യമല്ല. അതായത് അയാൾക്കും നേതാവായ നബിയുടെ തന്റെ ഉള്ളിലുള്ള പരിശുദ്ധ ശക്തികാരണത്താൽ ഏതെങ്കിലും ദിവ്യദൃഷ്ടാന്തം കാണിക്കാൻ സാധ്യമല്ല. ഈ അഭിമാനം ഇസ്ലാമിനുമാത്രം സ്വന്തമാണ്. ഇതിൽനിന്ന് ലോകാവസാനംവരെയുള്ള ജനസഞ്ചയത്തിന് അല്ലാഹുവിന്റെറസൂൽ മുഹമ്മദു റസൂലുല്ലാഹ് മാത്രമാണുള്ളതെന്ന് മനസ്സിലാകുന്നുണ്ട്. അദ്ദേഹത്തിന്റെ പരിശുദ്ധ സ്വത്വവും പരിശുദ്ധ ശക്തിയും മുഖാന്തിരം എക്കാലത്തും ദൈവപുരുഷന്മാർ ദൈവപ്രകടനത്തിന് തെളിവു നല്കിക്കൊണ്ടിരിക്കുന്നു. *(മൽഫൂദാത്ത് വാല്യം 1, പേജ് 373, പ്രസാധനം 2003 ഖാദിയാൻ)*

## തീർച്ചയായും കന്നുകാലികളിലും നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ വയറുകളിലുള്ളതിൽനിന്ന്-ചാണകച്ചണ്ടിയുടേയും രക്തത്തിന്റേയും ഇടയിൽനിന്ന്-ശുദ്ധവും കുടിക്കുന്നവർക്ക് രുചികരവുമായ പാൽ നാം നിങ്ങളെ കുടിപ്പിക്കുന്നു

സൂറത്തുന്നഹ്‌ലിന്റെ 67-ാം വചനമായ **വഇന്ന ലക്കും ഫിൽഅൻആമി ലഇബ്റത്തൻ നുസ്ഖീക്കും മിമ്മാ ഫീ ബുത്വൂനിഹി മിൻ ബയ്നി ഫർഥിൻ വ്വദമിൻല്ലബനൻ ഖാലിസ്വൻ സാഇഗൻ ല്ലിശാരിബീന** (തീർച്ചയായും കന്നുകാലികളിലും നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ വയറുകളിലുള്ളതിൽനിന്ന്- ചാണകച്ചണ്ടിയുടേയും രക്തത്തിന്റേയും ഇടയിൽനിന്ന്- ശുദ്ധവും കുടിക്കുന്നവർക്ക് രുചികരവുമായ പാൽ നാം നിങ്ങളെ കുടിപ്പിക്കുന്നു) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ)പറയുന്നു:

'കന്നുകാലികളിലും നിങ്ങൾക്ക് ഗുണപാഠമുണ്ടെന്ന് പറഞ്ഞുകൊണ്ട് എത്ര സൂക്ഷ്മമായ കാര്യമാണ് വിവരിച്ചത്! ഭക്ഷണമെന്ന നിലയിലും കന്നുകാലികൾ പ്രയോജനപ്പെടുന്നു. അറേബ്യയിൽ ഇതിന് കൂടുതൽ പ്രയോജനപ്പെട്ടിരുന്നത് ഒട്ടകമായിരുന്നു. അവയിൽനിന്ന് പാലും കറന്നെടുത്തിരുന്നു. അവയുടെ മാംസവും ഭക്ഷിച്ചിരുന്നു. ഇതിനു പുറമെ കന്നുകാലികൾ സാധനങ്ങളേറ്റിക്കൊണ്ടുപോകുന്നതിനും പ്രയോജനപ്പെട്ടിരുന്നു. അറേബ്യയിൽ കൂടുതലും ഇക്കാര്യങ്ങൾക്ക് ഉപയോഗിച്ചിരുന്നത് ഒട്ടകങ്ങളായിരുന്നു. കാരണം അവിടെ പശുവും കാളയും കുറവാണുണ്ടായിരുന്നത്. പക്ഷേ, മറ്റു രാജ്യങ്ങളിൽ കാള

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**മനുഷ്യൻ തന്റെ സർവശക്തികളും അല്ലാഹുവിലേക്ക് ചേർക്കുക എന്നതാണ് നമ്മുടെ അധ്യാപനത്തിന്റെ സംക്ഷിപ്ത രൂപം (ഹദ്റത്ത് മസീഹ് മൗഊദ്[അ])**

**അനുഗൃഹീത റമളാൻമാസം പ്രമാണിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപനിർദേശങ്ങളുടെ വെളിച്ചത്തിൽ തഖ്‌വാ അഥവാ ഭക്തി കൈവരിക്കാനുള്ള ഉപദേശം.**

**"ഇസ്‌ലാമിന്റെ ശ്രേഷ്ഠത തഖ്‌വാ അഥവാ ദൈവത്തിനോടുള്ള ആദരയുക്തമായ ഭയമാണ്. അതുമുഖേനയാണ് വിലായത്ത് കിട്ടുന്നത്. അതുമുഖേനയാണ് മലക്കുകൾ സംസാരിക്കുന്നത്. അല്ലാഹു സുവാർത്തകൾ നല്കുന്നത്."**

**യഥാർഥമായ തഖ്‌വയോടൊപ്പം അജ്ഞാനം ചേരുകയില്ല. യഥാർഥ തഖ്‌വാ, അതിനോടൊപ്പം ഒരു പ്രകാശമുൾക്കൊള്ളുന്നു.**

**ഖുത്ബ ജുമുഅ 2022 ഏപ്രിൽ 22/1401 ശഹാദത്ത് 22,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇപ്പോൾ നമ്മൾ റമളാൻ മാസത്തിലൂടെയാണ് കടന്നു പോയിക്കൊണ്ടിരിക്കുന്നത്. ഏറെക്കുറെ രണ്ടു പത്തുകൾ കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓരോ വിശ്വാസിയും ഈ മാസത്തിൽ പരിശ്രമിക്കുന്നതു കൂടുതൽക്കൂടുതൽ ഈ മാസത്തിന്റെ അനുഗ്രഹത്തിൽ ഭാഗഭാക്കാകുന്നതിനുവേണ്ടിയാണ്. അല്ലാഹു നോമ്പു നിർബന്ധമാക്കിയിട്ടുള്ള കൽപനയുടെ ആരംഭത്തിൽത്തന്നെ നോമ്പിന്റെ ലക്ഷ്യമായി പറയുന്നു, നോമ്പ് നിങ്ങൾക്ക് നിർബന്ധമാക്കിയത് നിങ്ങൾ തഖ്‌വ(ഭക്തി) സ്വായത്തമാക്കുന്നതിനുവേണ്ടിയാണ്.

അതിനാൽ നോമ്പിന്റെയും റമളാനിന്റെയും അനുഗ്രഹങ്ങളിൽ നമ്മൾ ഭാഗഭാക്കാകണമെങ്കിൽ നോമ്പിനോടൊപ്പം തന്നെ നമ്മുടെ ഭക്തിയുടെ നിലവാരവും ഉയർത്തുന്നവരാകേണ്ടതാണ്. തിന്മകളിൽ നിന്നെല്ലാം രക്ഷപ്പെടുന്നതിനുവേണ്ടി അല്ലാഹുവിന്റെ അഭയത്തിൽ വരാൻ പരിശ്രമിക്കേണ്ടതാണ്. നബി[സ]തിരുമേനി പറയുന്നു: 'നോമ്പു പരിചയാകുന്നു.' *(സ്വഹീഹുൽബുഖാരി, കിതാബുത്തൗഹീദ് ഹദീഥ് 7492)* പേരിനു മാത്രം നോമ്പെടുക്കുന്നത് നമുക്ക് മതിയായതാണോ? ഇടയത്താഴവും നോമ്പു തുറയും മാത്രം നമുക്കു മതിയോ? നമ്മൾ ഇടയത്താഴം കഴിക്കുകയും നോമ്പുതുറക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം പരിചയുടെ പിന്നിൽ വരാൻ നമുക്കു കഴിയുമോ? ഇല്ല. മറിച്ച് അതിന്റെ നിർബന്ധ കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതാണ്. അടിസ്ഥാന ലക്ഷ്യമായി അല്ലാഹു പറഞ്ഞത്, അതായത് ഞാൻ പറഞ്ഞതുപോലെ അതായത് ***ലഅല്ലക്കും തത്തഖൂൻ*** (2:184) അങ്ങനെ നിങ്ങൾ ഭക്തി സ്വായത്തമാക്കുക എന്നുള്ളതാകുന്നു. അതിനാൽ, നമ്മൾ നമ്മുടെ നോമ്പുകളെയും റമളാനെയും അല്ലാഹുവിനുവേണ്ടി, അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി, പ്രതിഫലമായി അല്ലാഹു പറഞ്ഞതിനുവേണ്ടിയുള്ള നോമ്പുകളും റമളാനുമാക്കുകയാണെങ്കിൽപ്പിന്നെ നമുക്ക് അതിന്റെ നിലവാരത്തെയും അല്ലാഹു ആഗ്രഹിക്കുന്നതുപോലെ, ഏതൊരു ഉദ്ദേശത്തിനു വേണ്ടിയാണോ നോമ്പ് നിർബന്ധമാക്കിയത് ആ അവസ്ഥയിലേക്ക് കൊണ്ടുവരേണ്ടി വരും. ഞാൻ പറഞ്ഞു വന്നതുപോലെ അല്ലാഹു വ്യക്തമായും പറയുന്നു, അല്ലാഹുവിനോടുള്ള ഭക്തി സ്വായത്തമാക്കുവിൻ.

നമ്മൾ നമ്മളെ വിശ്വാസികളെന്നു പറയുന്നു. മുസ്‌ലിമീങ്ങളെന്നും പറയുന്നു. നബി[സ]തിരുമേനിയുടെ കല്പനകൾ പ്രാവർത്തികമാക്കിക്കൊണ്ടു ആ മഹാത്മാവിന്റെ മേലുള്ള വിശ്വാസത്തെ സമ്പൂർണമാക്കിക്കൊണ്ടു അവിടത്തെ പ്രവചനമനുസരിച്ച് വരേണ്ടിയിരുന്ന മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി[അ]യുടെ രൂപത്തിൽ വന്നുവെന്നും, ഇനി ഇസ്‌ലാമിന്റെ പുനരുജ്ജീവനം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് മഹ്ദി മസീഹിന്റെ കൈകളാൽത്തന്നെയാണ് ഉണ്ടാകുകയെന്നും വാദിക്കുന്നു. അതിനാൽ നമ്മുടെ ഉത്തരവാദിത്വം നമ്മുടെയുള്ളിൽ ഇസ്‌ലാമിന്റെ യഥാർഥ ആത്മാവിനെ നിലനിറുത്തുകയും മസീഹ് മൗഊദ്[അ]ൽ നിന്നുതന്നെ മാർഗദർശനം തേടുകയും ചെയ്യുക എന്നതാണ്.

അങ്ങനെ ഭക്തിയെ സംബന്ധിച്ച് ആ മഹാത്മാവ് പറഞ്ഞതെന്താണെന്നു നമ്മൾ നോക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ നിന്ന് നമുക്ക് തഖ്‌വ അഥവാ ഭക്തി എന്താണെന്നു മനസ്സിലാകുന്നതാണ്. ഞാൻ പറഞ്ഞു വന്നതുപോലെ, നമ്മൾ വാദിക്കുന്നത് നമ്മൾ മുസ്‌ലിമീങ്ങളാണെന്നും വിശ്വാസികളിൽ പ്പെട്ടവരാണെന്നുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്[അ]പറയുന്നു:

'വീണ്ടും കേട്ടുകൊള്ളുക, ഈമാനിന്റെ ആദ്യത്തെ ചുവടു മനുഷ്യൻ തഖ്‌വ അഥവാ ഭക്തിയാർജിക്കുക എന്നതാകുന്നു. പിന്നീടു പറഞ്ഞു: തഖ്‌വ അഥവാ ഭക്തിയെന്താണ്?

അതിനുള്ള മറുപടി ഇതാകുന്നു, തിന്മകളിൽനിന്നെല്ലാം തങ്ങളെ സംരക്ഷിക്കുക. നമ്മൾ കണക്കെടുപ്പ് നടത്തുകയാണെങ്കിൽ ഇതൊരു നിസ്സാര സംഗതിയല്ലെന്ന് കാണാം. നമ്മൾ കണക്കെടുപ്പ് നടത്തുകയാണെങ്കിൽ മനസ്സിലാക്കാൻ കഴിയും, നമ്മൾ തഖ്‌വയോടുള്ള കടമകൾ യഥാവിധി നിർവഹിച്ച് അല്ലാഹുവിനോടുള്ള കടമകൾ പൂർത്തിയാക്കുന്നുണ്ടോ? നമ്മൾ തഖ്‌വയിൽ ചലിച്ചുകൊണ്ട് അല്ലഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നുണ്ടോ? ആ മഹാത്മാവ് പറയുന്നു, തഖ്‌വ അഥവാ ഭക്തി എന്താണെന്നു അറിയാത്തിടത്തോളം ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ സാധ്യമല്ല. അറിവ് കരസ്ഥമാക്കേണ്ടിയിരിക്കുന്നു. കാരണം അറിവ് കരസ്ഥമാക്കാതെ ഒന്നും കരസ്ഥമാക്കാൻ സാധ്യമല്ല. മനുഷ്യന് അതാർജിക്കാനും കഴിയില്ല. പറയുന്നു: 'അല്ലാഹുവിനോടുള്ള കടമകളും ദാസന്മാരോടുള്ള കടമകളും എന്തെല്ലാമാണെന്നും ഏതെല്ലാം കാര്യങ്ങളിൽനിന്നാണ് അല്ലാഹു തടഞ്ഞതെന്നും ഏതെല്ലാം കാര്യങ്ങൾ ചെയ്യാനാണ് അല്ലാഹു കല്പിച്ചതെന്നുമുള്ള അറിവ് കരസ്ഥമാക്കുന്നതിന് കൂടെക്കൂടെ ഖുർആൻ പാരായണം ചെയ്യുക.' പറയുന്നു: 'നിങ്ങൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ തിന്മകളുടെ വിവരങ്ങൾ എഴുതി വെക്കേണ്ടതാണ്. പിന്നെ അല്ലാഹുവിന്റെ അനുഗ്രഹവും സഹായവും മുഖേന ആ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിന് പരിശ്രമിക്കുകയും ചെയ്യുക.' അദ്ദേഹം പറയുന്നു: 'ഇതാണ് തഖ്‌വ അഥവാ ഭക്തിയുടെ ആദ്യഘട്ടമാണ്.'

നമ്മൾ റമളാനിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. പൊതുവിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകുമ്പോൾ അല്ലാഹുവിന്റെ വിധിവിലക്കുകളെ കുറിച്ച് ചിന്തിക്കാനും തിന്മകളിൽനിന്ന് വിട്ടുനിൽക്കാനും നന്മകൾ പ്രാവർത്തികമാക്കാൻ പരിശ്രമിക്കാനുമുള്ള ചിന്തഗതിയോടുകൂടി അത് പാരായണം ചെയ്യേണ്ടതാണ്. അദ്ദേഹം പറയുന്നു: 'വിശുദ്ധ ഖുർആനിൽ ആദ്യം മുതൽ അവസാനംവരെ വിധിവിലക്കുകളുടെ വിവരങ്ങളുണ്ട്. അതുകൊണ്ട് നമ്മൾ അക്കാര്യങ്ങൾ ശ്രദ്ധിക്കുകയും അതിൽ പരിചിന്തനം നടത്തുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണം. അതു തന്നെയാണ് ഒരു വിശ്വാസിയുടെ ലക്ഷണം.' ആ മഹാത്മാവ് വളരെ ശക്തി ചെലുത്തിക്കൊണ്ട് പറയുന്നു: മനുഷ്യൻ 'മുത്തഖി' അഥവാ ഭക്തൻ ആകാത്തിടത്തോളം അവന്റെ ആരാധനകളും പ്രാർഥനകളും സ്വീകാര്യതയുടെ വർണം പ്രാപിക്കുന്നതല്ല. കാരണം അല്ലാഹു അതുതന്നെയാണ് പറഞ്ഞിട്ടുള്ളത്: ***ഇന്നമാ യത്തഖബ്ബലുല്ലാഹു മിനൽ മുത്തഖീൻ.***(5:28) അതായത് തീർച്ചയായും അല്ലാഹു മുത്തഖീങ്ങളുടെ ഇബാദത്തുകൾ മാത്രമാണ് സ്വീകരിക്കുന്നത്. പറയുന്നു, മുത്തഖീങ്ങളുടെ നമസ്കാരവും നോമ്പും മാത്രമേ സ്വീകരിക്കപ്പെടുകയുള്ളു എന്നതാണ് വാസ്തവം. അല്ലെങ്കിൽ പറയുന്നു, മുത്തഖീങ്ങളുടെ നമസ്കാരവും നോമ്പും മാത്രമേ വാസ്തവത്തിൽ സ്വീകരിക്കപ്പെടുകയുള്ളു. തുടർന്നു ആരാധനകളുടെ സ്വീകാര്യതയെന്താണെന്നും അതുകൊണ്ടെന്താണ് വിവക്ഷിതമെന്നും മറുപടി നൽകിയിരിക്കുന്നു. എന്താണ് സ്വീകാര്യത? അതിനുള്ള മറുപടി എന്തെന്നാൽ, നമ്മൾ നമസ്കാരം സ്വീകരിക്കപ്പെട്ടുവെന്ന് പറയുന്നതുകൊണ്ടുള്ള വിവക്ഷിതം നമസ്കാരത്തിന്റെ പ്രഭാവങ്ങളും അനുഗ്രഹങ്ങളും നമസ്കരിക്കുന്നയാളിൽ ഉണ്ടായിരിക്കുന്നുവെന്നാണ്. പറയുന്നു, ഏതുവരെ ആ അനുഗ്രഹങ്ങളും പ്രഭാവങ്ങളും ഉടലെടുക്കുന്നില്ലയോ അതുവരെ അതു കേവലം തലകുത്തൽ മാത്രമാകുന്നു. അതുകൊണ്ട് നമ്മൾ നോക്കേണ്ടത് നമ്മുടെ നോമ്പുകളും നമ്മളെ ഈ നിലവാരത്തിലേക്ക് കൊണ്ടുപോകാൻ പ്രാപ്തമാകുന്നുണ്ടോ എന്നാണ്. ആ മഹാത്മാവ് പറയുന്നു: വീഴ്ചകളിലും തിന്മകളിലും ആയിരിക്കുകയാണെങ്കിൽ നിങ്ങൾ തന്നെ പറയുക, ആ നമസ്കാരം അയാൾക്കെന്ത് പ്രയോജനമാണ് നൽകിയത്. ഉണ്ടാകേണ്ടിയിരുന്നത് നമസ്കാരത്തോടൊപ്പം അയാളുടെ തിന്മകളും അയാൾ അകപ്പെട്ടിട്ടുള്ള ചീത്തക്കാര്യങ്ങളും കുറയുകയായിരുന്നു. നമസ്കാരം അതിനുള്ള ഉത്തമ മാർഗമാകുന്നു.' പറയുന്നു: 'ഒരാൾ വിശ്വാസിയാകാൻ ആഗ്രഹിക്കുമ്പോൾ ഉണ്ടാകുന്ന ആദ്യത്തെ ഘട്ടവും പ്രയാസവും തിന്മകളിൽനിന്ന് വിട്ടു നിൽക്കുക എന്നതു തന്നെയാണ്. അതിന്റെ പേരാകുന്നു തഖ്‌വ അഥവാ ഭക്തി.

അതുകൊണ്ട് നമ്മുടെ ഇബാദത്തുകളും നമ്മുടെ നോമ്പുകളും നമ്മുടെ ഖുർആൻ പാരായണവും നമ്മുടെ കർമങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നില്ലെങ്കിൽ, നോമ്പെടുക്കുന്നതിന്റെ ഉദ്ദേശ്യമായ തഖ്‌വ സ്വായത്തമാക്കുന്നതിന് ശ്രമിക്കുന്നില്ലെങ്കിൽ നമ്മൾ നമ്മുടെ നോമ്പുകളുടെയും നോമ്പുകളുടെ ഉദ്ദേശ്യത്തെയും പൂർത്തിയാക്കുന്നവരായി തീരുന്നില്ല.

നമ്മൾ ഈ പരിചയെ കുറിച്ച് പറയുന്നുണ്ട്. അതെ കുറിച്ച് നബി(സ)തിരുമേനി പറയുന്നു: നോമ്പ് പരിചയാകുന്നു. പക്ഷേ, നമ്മൾ ആ പരിച ഉപയോഗിക്കേണ്ടുണ്ടരീതി പഠിക്കാൻ ശ്രമിച്ചില്ല. നമ്മൾ ഇടയത്താഴത്തിനും നോമ്പുതുറക്കുന്നതിനുമുള്ള ഏർപ്പാടുകൾ ചെയ്തെങ്കിലും ഇടയത്താഴത്തിന്റേയും നോമ്പുതുറയുടേയും ഉദ്ദേശ്യം പൂർത്തിയാക്കുന്നവരായില്ല. നമ്മൾ പകൽ മുഴുവൻ ഭക്ഷിക്കാതെയും കുടിക്കാതെയും കഴിച്ചുകൂട്ടിയെങ്കിലും തഖ്‌വ അഥവാ ഭക്തിയിലൂടെ പൂർത്തീകരിക്കേണ്ടലക്ഷ്യത്തെയും തഖ്‌വ മുഖേന ഉണ്ടാകേണ്ടലക്ഷ്യത്തെയും സാക്ഷാത്കരിക്കുന്നവരാകുന്നില്ല. അതുകൊണ്ട് നമ്മൾ ഇതു സ്വായത്തമാക്കുന്നുണ്ടോ എന്ന് വിലയിരുത്തി നോക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തഖ്‌വയെ സംബന്ധിച്ചുള്ള മറ്റു ചില ഉദ്ധരണികൾകൂടി സമർപ്പിക്കാം. അതിൽനിന്നു യഥാർഥ തഖ്‌വ അഥവാ ഭക്തി എന്താണെന്നും ഏതുരീതിയിലുള്ള തഖ്‌വയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിലുണ്ടാക്കാൻ ആഗ്രഹിക്കുന്നതെന്നുമുള്ള മാർഗദർശനം നമുക്ക് ലഭിക്കുന്നതാണ്.

ഇതുസംബന്ധമായി ഒരു സന്ദർഭത്തിൽ ആ മഹാത്മാവ് പറഞ്ഞു:'മനുഷ്യൻ കഴുകപ്പെടുന്നതിനും ശുദ്ധീകരിക്കപ്പെടുന്നതിനുമുള്ള യഥാർഥ തഖ്‌വാ അഥവാ ഭക്തി-അതുണ്ടാക്കുന്നതിനാണ് പ്രവാചകന്മാർ വരുന്നത്-ലോകത്തുനിന്ന് ഉയർന്നു പോയിരിക്കുന്നു. അത് ***ഖദ് അഫ്‌ലഹ മൻ സക്കാഹാ*** (91:10) 'അതിനെ പരിശുദ്ധമാക്കിയവൻ തീർച്ചയായും വിജയം പ്രാപിച്ചു എന്നതിന്റെ സാക്ഷാത്കാരമായി ആരെങ്കിലും ഉണ്ടാകുമായിരിക്കാം. അദ്ദേഹം പറയുന്നു: ***ഖദ് അഫ്‌ലഹ മൻ സക്കാഹാ*** എന്നതിന്റെ സാക്ഷാത്കാരമായി ആരെങ്കിലും ഉണ്ടാകാം. പരിശുദ്ധിയും പവിത്രതയും ഉത്തമമായ കാര്യമാകുന്നു. മനുഷ്യൻ പരിശുദ്ധനായി തീരുമ്പോൾ മലക്കുകൾ അവനു ഹസ്തദാനം ചെയ്യുന്നു. പക്ഷേ, ജനങ്ങൾ അതിനെ വിലമതിക്കുന്നില്ല. അങ്ങനെ അല്ലായിരുന്നുവെങ്കിൽ അവനുള്ള എല്ലാ ആനന്ദത്തിനുള്ള കാര്യങ്ങളും ഹലാലായ മാർഗ്ഗത്തിലൂടെ കിട്ടുമായിരുന്നു. സമ്പത്ത് കിട്ടുന്നതിനുവേണ്ടി കള്ളൻ മോഷണം നടത്തുന്നു. എന്നാൽ, അവൻ ക്ഷമ കൈക്കൊള്ളുകയാണെങ്കിൽ അല്ലാഹു അവനെ മറ്റു മാർഗങ്ങളിലൂടെ സമ്പന്നനാക്കുന്നതാണ്. ഈ കളവെന്നു പറയുന്നത് കേവലം ബാഹ്യമായ കളവു മാത്രമല്ല. ചില കച്ചവടക്കാരും നല്ലതല്ലാത്ത സാധനങ്ങൾ വിൽക്കുന്നുണ്ട്. അവരും ഈ ഗണത്തിൽ വരുന്നതാണ്. അതുപോലെ വ്യഭിചാരി വ്യഭിചരിക്കുന്നു. എന്നാൽ, അവൻ ക്ഷമിക്കുകയാണെങ്കിൽ അവന്റെ ആഗ്രഹം മറ്റു വിധത്തിലൂടെ അല്ലാഹു പൂർത്തീകരിക്കുമായിരുന്നു. അതിലൂടെ അവന്റെ തൃപ്തിയും സ്വായത്തമാക്കാൻ കഴിയും. ഹദീഥിൽ പറയുന്നു, ഒരു മോഷ്ടാവും വിശ്വാസിയായിരിക്കെ മോഷ്ടിക്കുന്നില്ല. ഒരു വ്യഭിചാരിയും വിശ്വാസിയായിരിക്കെ വ്യഭിചരിക്കുന്നില്ല. അതായത് മനസ്സിൽനിന്ന് വിശ്വാസം പുറത്തു പോകുമ്പോഴാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ മനുഷ്യനിൽ നിന്നുണ്ടാകുന്നത്. പറയുന്നു: ആടിന്റെ തലയ്ക്കുമീതെ സിംഹം നിൽക്കുമ്പോൾ അതിനു പുല്ലുപോലും തിന്നാൻ സാധിക്കുകയില്ലെന്നിരിക്കെ ജനങ്ങൾക്ക് ആടിന്റെ അത്രപോലും വിശ്വാസമില്ലേ? തിന്മകളും പാപങ്ങളും ചെയ്യുമ്പോൾ അല്ലാഹു ഏതുസമയത്തും നമ്മളെ കണ്ടുകൊണ്ടിരിക്കുന്നുവെന്ന ചിന്ത മനുഷ്യനുണ്ടാകേണ്ടതാണ്.' പറയുന്നു, യഥാർഥ തായ്‌വേരും ലക്ഷ്യവും തഖ്‌വ അഥവാ ഭക്തിയാകുന്നു. അതു കിട്ടുന്നവന് എല്ലാം നേടാൻ കഴിയുന്നതാണ്. അത് കൂടാതെ ഒരിക്കലുംതന്നെ വലുതും ചെറുതുമായ തിന്മകളിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുകയില്ല. മനുഷ്യ നിർമിതമായ ഭരണകൂടങ്ങളുടെ ആജ്ഞകൾക്ക് തിന്മകളിൽനിന്ന് രക്ഷപ്പെടുത്താൻ സാധ്യമല്ല. ഭരണാധിപന്മാരോടുള്ള ഭയം നിലനിൽക്കുന്നതിനുവേണ്ടി അവർ കൂടെ സഞ്ചരിക്കുന്നില്ലല്ലോ? മനുഷ്യൻ താൻ തനിച്ചാണെന്നു കരുതുമ്പോഴാണ് തിന്മകൾ ചെയ്യുന്നത്. അല്ലാത്ത പക്ഷം അവനൊരിക്കലും അങ്ങനെ ചെയ്യുന്നതല്ല. അവൻ താൻ തനിച്ചാണെന്ന് മനസ്സിലാക്കുമ്പോൾ ആ സമയത്ത് അവൻ നിരീശ്വരവാദിയായി തീരുന്നു. അവന്റെ ഉള്ളിൽ ഒരു ഈമാനുമുണ്ടാകുന്നതല്ല. അല്ലാഹു അവന്റെ ഹൃദയത്തിൽനിന്ന് പോയിട്ടുണ്ടാകും. ആ സമയത്ത് അവൻ നിരീശ്വരവാദിയായിത്തീരുന്നു. എന്റെ ദൈവം എന്നോടൊപ്പമുണ്ടെന്നും എന്നെ നോക്കുന്നുണ്ടെന്നും അവൻ കരുതുന്നില്ല. അല്ലാഹു തന്നെ കാണുന്നുണ്ടെന്ന് അവൻ കരുതിയിരുന്നെങ്കിൽ ഒരിക്കലും തിന്മ ചെയ്യുമായിരുന്നില്ല. തഖ്‌വ അഥവാ ഭക്തിയിലാണ് എല്ലാ കാര്യങ്ങളുമുള്ളത്. വിശുദ്ധ ഖുർആൻ ആരംഭിക്കുന്നതും അതിൽ നിന്നാണ്. ***ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തയീൻ*** എന്നതിന്റെ വിവക്ഷിതവും തഖ്‌വയാകുന്നു. അതായത് മനുഷ്യൻ കർമങ്ങൾ ചെയ്യുന്നുവെങ്കിലും അതിനെ തന്നിലേക്ക് ചേർത്തുപറയാൻ ഭയം കാരണം അവൻ ധൈര്യപ്പെടുന്നില്ല. അതു അല്ലാഹുവിൽനിന്നുള്ള സഹായമാണെന്നു

അവൻ മനസ്സിലാക്കുന്നു. പിന്നെ അതോടൊപ്പം മേലിലും സഹായം അർഥിക്കുന്നു. അല്ലാഹവിൽനിന്ന് സഹായം തേടുന്നു. എന്തെങ്കിലും നന്മ ചെയ്യുമ്പോഴും അതു തന്റെ ഒരു വലിയ കാര്യമെന്നല്ല അവൻ മനസ്സിലാക്കുന്നത്. തന്റെ ഹൃദയം നന്മയുള്ളതാണെന്നും അതല്ലെങ്കിൽ താൻ ഉന്നത നിലവാരത്തിലെത്തി എന്നുമല്ല കരുതുന്നത്. പ്രത്യുത തനിക്ക് നന്മ ചെയ്യാനും നമസ്കരിക്കാനും ദുആ ചെയ്യാനും തൗഫീഖ് തന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണെന്നു അവൻ മനസ്സിലാക്കുന്നു. പിന്നെ രണ്ടാമത്തെ സൂറത്തും ഹുദൻല്ലിൽ മുത്തഖീൻ എന്നതുകൊണ്ടാണ് തുടങ്ങുന്നത്. നമസ്കാരവും നോമ്പും സക്കാത്തും തുടങ്ങി എല്ലാം മനുഷ്യൻ മുത്തഖിയാകുമ്പോൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളു. ആ സമയത്ത് അല്ലാഹു തിന്മയിലേക്ക് വിളിക്കുന്ന സകലതിനേയും അകറ്റി നിറുത്തുന്നു. അതായത് തഖ്‌വയുണ്ടെങ്കിൽ തിന്മയിലേക്ക് ക്ഷണിക്കുന്ന എല്ലാ വസ്തുക്കളെയും അല്ലാഹു അകറ്റുന്നു. ഭാര്യയുടെ ആവശ്യം വന്നാൽ ഭാര്യയെ നൽകുന്നു. മരുന്നിന്റെ ആവശ്യമുണ്ടായാൽ മരുന്ന് നൽകുന്നു. ഏതൊരു വസ്തുവാണോ ആഗ്രഹിക്കുന്നത് അതു അവന് നൽകുന്നു. പ്രതീക്ഷിക്കാത്ത ഇടങ്ങളിൽനിന്ന് ഭക്ഷണത്തിനുള്ള ഏർപ്പാടു ചെയ്യുന്നു.' പറയുന്നു: 'വിശുദ്ധ ഖുർആനിൽ മറ്റൊരു ആയത്ത് ഉണ്ട്. ***ഇന്നല്ലദീന ഖാലൂ റബ്ബുനല്ലാഹു ഥുമ്മസ്തഖാമൂ തത്തനസ്സലു അലയ്ഹിമുൽ മലാഇക്കത്തു അല്ലാ തഖാഫൂ വലാ തഹ്സനൂ.*** ഇതിന്റെ വിവക്ഷിതവും മുത്തഖി ആകുന്നു. ***ഥുമ്മസ്തഖാമൂ***, അതായത് അവർക്കുമേൽ ഭൂകമ്പങ്ങൾ വന്നാലും പരീക്ഷണങ്ങൾ വന്നാലും കൊടുങ്കാറ്റടിച്ചാലും അവർ ചെയ്ത ഉടമ്പടിയിൽനിന്ന് പിന്തിരിയുന്നതല്ല. കൂറോടുകൂടി അല്ലാഹുവുമായുള്ള ബന്ധം നിലനിറുത്തുന്നു. ഒരിക്കൽ വിശ്വാസം വരിച്ചാൽ വിശ്വാസത്തിൽ ദൃഢഗാഢമായി മുന്നേറുന്നതുമാണ്. അതല്ലാതെ ചെറിയ ചെറിയ കാര്യങ്ങളിൽ ഈമാൻ ഇളകുകയോ ചഞ്ചലപ്പെടുകയോ ചെയ്യുന്നതല്ല.

തുടർന്ന് അല്ലാഹു പറയുന്നു: അവർ ഇങ്ങനെ ചെയ്യുകയും സത്യസന്ധതയും കൂറും കാണിക്കുകയുമാണെങ്കിൽ അതിന്റെ പ്രതിഫലം ***തത്തനസ്സലു അലയ്ഹിമുൽ മലാഇക്കത്തു*** എന്നതായിരിക്കും. അതായത് അയാൾക്കുമേൽ മലക്കുകൾ ഇറങ്ങുകയും ഭയപ്പെടുകയോ സങ്കടപ്പെടുകയോ വേണ്ടെന്നും അല്ലാഹു നിങ്ങളുടെ സംരക്ഷകനാണെന്നും പറയുകയും ചെയ്യുന്നതാണ്. ***വ അബ്ശിറൂ ബിൽ ജന്നത്തില്ലത്തീ കുൻതും തൂഅദൂൻ*** കൂടാതെ സുവാർത്തയും നൽകുന്നു! അതായത് ആ സ്വർഗ്ഗത്തെ സംബന്ധിച്ച് നിങ്ങൾ സന്തോഷിക്കുക. ആ സ്വർഗ്ഗം എന്നതുകൊണ്ടുള്ള വിവക്ഷിതം ഈ ലോകത്തെ സ്വാർഗമാകുന്നു. ഇഹലോകത്തുള്ള സ്വർഗം. വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെ ***വ ലിമൻ ഖാഫ മഖാമ റബ്ബിഹി ജന്നത്താൻ.***(55:47) തന്റെ നാഥന്റെ സ്ഥാനത്തെ ഭയപ്പെട്ടവന് രണ്ടു സ്വർഗമുണ്ട്. തുടർന്ന് പറയുന്നു; ***നഹ്നു ഔലിയാഉക്കും ഫിൽ ഹയാത്തിദ്ദുൻയാ വഫിൽ ആഖിറ*** അതായത് ഇഹലോകത്തും പരലോകത്തും നാം നിങ്ങളുടെ സുഹൃത്തും സംരക്ഷകനുമാകുന്നു. *(മൽഫൂദാത്ത് വാള്യം 4, പേജ് 251-253, 1984 പതിപ്പ്)*

അതുകൊണ്ട് അല്ലാഹു സുഹൃത്തും സംരക്ഷകനുമായ ആൾ എത്രമാത്രം സൗഭാഗ്യവാനാണ്. അവൻ തന്റെ എല്ലാ കർമങ്ങളും അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടിയാണു ചെയ്യുന്നത്.

പിന്നെ ഇതിനെ വിശദീകരിച്ചുകൊണ്ടു പറയുന്നു: വിശ്വാസിയുടെയും അവിശ്വാസിയുടെയും വിജയത്തിൽ അന്തരമുണ്ട്. വിശ്വാസി എങ്ങനെയാണു വിജയത്തെ കാണുന്നത്. അതുപോലെ അവിശ്വാസി എങ്ങനെയാണ് വിജയത്തെ കാണുന്നത്. പറയുന്നു: ഒരു തത്ത്വം എപ്പോഴും മനസ്സിലാക്കിയിരിക്കുക. അതായത് വിശ്വാസിയുടെ കർമത്തിൽ വിജയം നല്കപെടുമ്പോൾ അവൻ ലജ്ജിതനാകുന്നു. എന്തുകൊണ്ടാണ് ലജ്ജിതനാകുന്നത്? അവൻ പ്രകടിപ്പിക്കുന്നത് താൻ ഇതിനു അർഹാനല്ലായിരുന്നുവെന്നും അല്ലാഹുവിന്റെ അനുഗ്രഹമാണ് എല്ലാം തന്നതെന്നുമാണ്. നൽകപ്പെട്ടതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണ്. തന്റെ എന്തെങ്കിലും മേന്മ കൊണ്ടോ തന്റെ ഏതെങ്കിലും അറിവു കാരണമോ തന്റെ ബുദ്ധിയോതന്റെസമ്പത്തോതന്റെശാരീരികക്ഷമത കൊണ്ടോ കിട്ടിയതല്ല. മറിച്ച് ഇത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. ഈ ചിന്തയുണ്ടാകുമ്പോൾ പിന്നെ അല്ലാഹുവിനെ സ്തുതിക്കുന്നു. അവൻ തന്റെ അനുഗ്രഹം നൽകിയെന്നതിൽ അല്ലാഹുവിനെ പ്രകീർത്തിക്കുന്നു. ഇങ്ങനെ അവൻ ചുവടുകൾ മുന്നോട്ട് വെക്കുകയും എല്ലാ പരീക്ഷണത്തിലും സ്ഥിരചിത്തനായി വിശ്വാസമാർജിക്കുകയും ചെയ്യുന്നു. പറയുന്നു: ഓർക്കുക! നിഷേധിയുടെ വിജയം വഴികേടിന്റെ മാർഗമാകുന്നു. വിശ്വാസിയുടെ വിജയത്തിൽ അവനു വേണ്ടി അനുഗ്രഹ കവാടങ്ങൾ തുറക്കപ്പെടുന്നു. നിഷേധിയാകട്ടെ ഓരോ കാര്യത്തിലും മിഥ്യാഭിമാനം പുലർത്തുകയും അതിന്റെ ക്രെഡിറ്റ് തന്നിലേക്കു ചേർത്തു പറയുകയും ചെയ്യുന്നു. അപ്പോൾ അവൻ വഴികേടിലേക്ക് വീഴുന്നു. എന്നാൽ, യഥാർഥ വിശ്വാസി ഓരോ കാര്യത്തെയും അല്ലാഹുവിലേക്ക് ചേർത്തു പറയുമ്പോൾ പിന്നെ അവനു മേൽ അനുഗ്രഹങ്ങളുടെ വാതിലുകൾ തുറക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു.' പറയുന്നു: 'സത്യനിഷേധിയുടെ വിജയം ദുർമാർഗത്തിലേക്ക് പോകാൻ കാരണം അവൻ അല്ലാഹുവിലേക്ക് തിരിയാത്തതാകുന്നു. മറിച്ച് തന്റെ അധ്വാനത്തെയും ബുദ്ധിയെയും കഴിവിനെയും ദൈവമാക്കുന്നു. എന്നാൽ, വിശ്വാസി അല്ലാഹുവിലേക്ക് തിരിഞ്ഞുകൊണ്ട് അല്ലാഹുവുമായി ഒരു പുതിയ പരിചയമുണ്ടാക്കുന്നു. അങ്ങനെ ഓരോ വിജയത്തിനു ശേഷവും അവന്റെ ദൈവം പുതിയ രീതിയിൽ അവനുമായി ഇടപഴകാൻ തുടങ്ങുന്നു. അവനിൽ മാറ്റങ്ങൾ ഉണ്ടാകുന്നു. ***ഇന്നല്ലാഹ മഅല്ലദീനത്തഖൗ*** (16:129) അല്ലാഹു മുത്തഖിയോടൊപ്പമാണുള്ളത്.

ഓർക്കുക! വിശുദ്ധ ഖുർആനിൽ തഖ്‌വ എന്ന പദം ഒരുപാട് തവണ വന്നിട്ടുണ്ട്. നൂറിലധികം തവണ വന്നിട്ടുണ്ട്. അതിന്റെ അർഥം ആദ്യത്തെ പദത്തിൽനിന്നു തന്നെയാണു ചെയ്യപ്പെടുന്നത്. ഇവിടെ '**മഅ**' എന്ന പദം വന്നിട്ടുണ്ട്. അതായത് അല്ലാഹുവിനെ മുന്തിക്കുന്നവരെ അല്ലാഹുവും മുന്തിക്കുന്നതാണ്. ലോകത്തുള്ള എല്ലാത്തരം നിന്ദ്യമായ കാര്യങ്ങളിൽനിന്ന് രക്ഷിക്കുന്നതാണ്.' പറയുന്നു: എന്റെ വിശ്വാസവും അതുതന്നെയാണ്. അതായത്, മനുഷ്യൻ ലോകത്തുള്ള എല്ലാ നിന്ദ്യതയിൽനിന്നും പ്രയാസത്തിൽനിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിന് മുത്തഖി ആകുക എന്ന ഒരേയൊരു മാർഗമേയുള്ളു. പിന്നെ അവന് ഒരു കാര്യത്തിലും കുറവുണ്ടാകുന്നതല്ല. ചുരുക്കത്തിൽ വിശ്വാസിയുടെ വിജയം അവനെ മുമ്പോട്ടു കൊണ്ടുപോകുന്നു. അവൻ അവിടെത്തന്നെ നിൽക്കുന്നതല്ല. *(മൽഫൂദാത്ത് വാള്യം 1, പേജ് 155-156, 1984 പതിപ്പ്)*

അവിടന്ന് പറയുന്നു: തഖ്‌വയുടെ പ്രഭാവങ്ങൾ ഈ ലോകത്തുതന്നെ മുത്തഖിയിൽ ഉണ്ടായി തുടങ്ങുന്നു. ഇതു കേവലം കടമല്ല, രൊക്കമാണ്. മാത്രമല്ല വിഷത്തിന്റെ പ്രഭാവവും ശമനൗഷധത്തിന്റെ പ്രഭാവവും പെട്ടെന്ന് തന്നെ ശരീരത്തിലുണ്ടാകുന്നതുപോലെ തഖ്‌വയുടെ പ്രഭാവവും ഉണ്ടാകുന്നതാണ്.' *(മൽഫൂദാത്ത് വാള്യം 2, പേജ് 324, 1984 പതിപ്പ്)*

അതുകൊണ്ട് നന്മകൾ ചെയ്തിട്ടും ഇബാദത്തുകൾ ചെയ്തിട്ടും മനുഷ്യന്റെ അവസ്ഥയിൽ പ്രഭാവം ചെലുത്തുന്നില്ലെങ്കിൽ അതു ചിന്തനീയമാണ്. ജനങ്ങൾ ഒരുപാടു ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എഴുതി അയക്കുന്നു; ഒരുപാടാളുകൾ ഇതു സംബന്ധിച്ച് അതെങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുകയെന്നുള്ള ചോദ്യങ്ങൾ എഴുതുകയും ചെയ്യുന്നു. നന്മയിലേക്ക് ശ്രദ്ധ കൂടുതലായി ഉണ്ടാകുകയും അല്ലാഹുവിലേക്ക് കൂടുതൽ ശ്രദ്ധ ഉണ്ടാകുകയുമാണെങ്കിൽ ആ കർമങ്ങൾ മനുഷ്യൻ അല്ലാഹുവിനു വേണ്ടി ചെയ്യുന്നവയാണ്. അല്ലാഹു അതിൽ അനുഗ്രഹം ചൊരിയുന്നതാണ്.

തഖ്‌വയുടെ മാർഗങ്ങൾ അടയാളപ്പെടുത്തിക്കൊണ്ടും അതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടും ആ മഹാത്മാവ് പറയുന്നു: മനുഷ്യന്റെ സകല ആത്മീയ സൗന്ദര്യങ്ങളും തഖ്‌വയുടെ എല്ലാ സൂക്ഷ്മമായ മാർഗങ്ങളിൽ പദമൂന്നിയുള്ളവയാണ്. തഖ്‌വയുടെ സൂക്ഷ്മമായമാർഗങ്ങൾ ആത്മീയ സൗന്ദര്യത്തിന്റെ ഭംഗിയുള്ള അട

യാളങ്ങളും ചിത്രങ്ങളുമാകുന്നു. എന്താണ് തഖ്‌വയുടെ സൂക്ഷ്മമായ മാർഗങ്ങൾ? അതായത് ആത്മീയമായ രീതിയിൽ അതിലൊരു സൗന്ദര്യമുണ്ടാകുന്നു. അല്ലാഹു വിശ്വസ്തതയുടെയും വിശ്വാസത്തിന്റെയും ഉടമ്പടികളെ പരമാവധി പരിഗണിക്കുന്നു എന്നത് പ്രകടമാണ്. ആപാദചൂഡമുള്ള കഴിവുകളും അവയവങ്ങളും അതിൽ ഭൗതിക നേത്രങ്ങളും കാതുകളും കൈകാലുകളും മറ്റു അവയവങ്ങളുമൊക്കെയുണ്ട്. കൂടാതെ ആന്തരികമായ ഹൃദയവും മറ്റു കഴിവുകളും സ്വഭാവങ്ങളും ഉൾപ്പെടുന്നു. കഴിയുന്നിടത്തോളം അവയെ യഥാസ്ഥാനത്ത് ഉപയോഗപ്പെടുത്തുക. അനാവശ്യ ഇടങ്ങളിൽ നിന്ന് മാറി നിൽക്കുക. അവയുടെ ഗോപ്യമായ ആക്രമണങ്ങളെ കുറിച്ച് ബോധവാനാവുക. ഇതോടൊപ്പം തന്നെ മനുഷ്യരോടുള്ള കടമകളുമുണ്ട്. ഈ കാര്യങ്ങളെല്ലാം നമ്മൾ അല്ലാഹുവുമായി ചെയ്തിട്ടുള്ള വിശ്വാസപരമായ ഉടമ്പടിയാകുന്നു. അതായത് കണ്ണുകളെ ശരിയായ രീതിയിൽ ഉപയോഗിക്കണം. ദുർന്നോട്ടത്തിൽനിന്ന് രക്ഷപ്പെടുത്തടണം. തെറ്റായ പ്രവൃത്തികളിൽനിന്ന് രക്ഷിക്കണം. കാതുകളെയും തെറ്റായ കാര്യങ്ങൾ കേൾക്കുന്നതിൽ നിന്ന് രക്ഷപ്പെടുത്തടണം. കൈകാലുകൾ കൊണ്ട് നല്ലതു ചെയ്യണം. മനസ്സിന്റെ ഉള്ളിലുള്ള ചീത്ത ചിന്താഗതികളെയും പുറത്താക്കണം. അതിനുവേണ്ടി കൂടുതൽക്കൂടുതൽ ഇസ്തിഗ്ഫാർ ചെയ്യുകയും വേണം.

മറ്റു കഴിവുകളെയും പ്രയോജനപ്പെടുത്തേണ്ടതാണ്. തങ്ങളുടെ ധാർമിക അവസ്ഥയെയും ഉന്നത നിലയിലെത്തിക്കണം. ഇതെല്ലാമാണ് മനുഷ്യൻ അല്ലാഹുവുമായി ചെയ്യുന്ന വിശ്വാസപരമായ ഉടമ്പടികൾ. പറയുന്നു: 'നിങ്ങൾ അവ പൂർത്തീകരിക്കേണ്ടതാണ്. അതിനോട് അനുബന്ധിച്ചു പറഞ്ഞു: അല്ലാഹുവിനോടുള്ള കടമകളും പരിഗണിക്കേണ്ടതാണ്. മനുഷ്യരോടുള്ള കടമകളും ശ്രദ്ധിക്കേണ്ടതാണ്. നേരത്തെ പറഞ്ഞത് നിങ്ങൾക്ക് വേണ്ടിയുള്ള കാര്യങ്ങളാണ്. ഇനി ദാസന്മാരോടുള്ള കടമകളും നിർവഹിക്കേണ്ടതാണ്. ഈ കടമകൾ പൂർത്തീകരിക്കുകയാണെങ്കിൽ, പറയുന്നു: ഈ മാർഗത്തിലാണ് മനുഷ്യന്റെ എല്ലാ ആത്മീയ സൗന്ദര്യങ്ങളും ബന്ധപ്പെട്ടിരിക്കുന്നത്. അല്ലാഹുവിനോടുള്ള കടമകൾ ചെയ്തു തീർക്കുകയും മനുഷ്യരോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുമ്പോൾ മനുഷ്യനിൽ ആത്മീയസൗന്ദര്യം ഉടലെടുക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ ലിബാസ് അഥവാ വസ്ത്രം എന്നാണ് പറഞ്ഞിട്ടുള്ളത്. ***ലിബാസുത്തഖ്‌വ*** എന്നത് വിശുദ്ധഖുർആനിലെ പദമാകുന്നു. ആത്മീയമായ സൗന്ദര്യവും ആത്മീയമായ ഭംഗിയും തഖ്‌വയിലൂടെ മാത്രമേ ഉണ്ടാകൂ എന്നാണ് അത് സൂചിപ്പിക്കുന്നത്. തഖ്‌വ എന്നാൽ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളെയും വിശ്വാസപരമായ ഉടമ്പടികളെയും അതോടൊപ്പം സൃഷ്ടികളോടുള്ള എല്ലാ അമാനത്തുകളെയും ഉടമ്പടികളെയും പരമാവധി പരിഗണിക്കുക എന്നതാകുന്നു. അതായത് അതിന്റെ അതിസൂക്ഷ്മമായ വശങ്ങളെയും കഴിയുന്നത്ര പ്രാവർത്തികമാക്കുക. *(ളമീമ ബറാഹീനെ അഹ്‌മദിയ്യ ഭാഗം 5 റൂഹാനീ ഖസാഇൻ, വാള്യം 21, പേജ് 209-210)*

ഇബാദത്തുകളെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ കല്പനകൾ, തന്റെ സത്തയെ നന്നാക്കുന്നതിനെ സംബന്ധിച്ചും ജനങ്ങളോടുള്ള കടമകൾ നിറവേറ്റുന്നതിനെ സംബന്ധിച്ചുമുള്ള അല്ലാഹുവിന്റെ കൽപനകൾ അതിന്റെ അതിസൂക്ഷ്മമായ വശങ്ങളിലെത്തി അവ ചെയ്യാൻ പരിശ്രമിക്കേണ്ടതാണ്. മനുഷ്യൻ അല്ലാഹുവിനോടുള്ള കടമയും സമസൃഷ്ടികളോടുള്ള കടമയും അതിസൂക്ഷ്മമായ വശങ്ങളിലൂടെ ചെയ്യാൻ ശ്രമിക്കുന്നില്ലെങ്കിൽ തഖ്‌വയുടെ നിലവാരം സ്വായത്തമാക്കാൻ കഴിയില്ലെന്ന് അദ്ദേഹം പറയുന്നു. അതു നമ്മൾ ഓർത്തിരിക്കേണ്ടണ്ട സുപ്രധാന കാര്യമാകുന്നു. കേവലം ഇബാദത്തുകൾ ചെയ്യുകയും അതോടൊപ്പം ജനങ്ങളോടുള്ള കടമകൾ പൂർത്തിയാക്കാതിരിക്കുകയുമാണെങ്കിൽ ഒരു പ്രയോജനവും ലഭിക്കുന്നതല്ല. അതുപോലെ സൃഷ്ടികളോടുള്ള ചില കടമകൾ നിറവേറ്റുകയും അല്ലാഹുവിനെ മറക്കുകയും ചെയ്യാറുണ്ട്. തങ്ങൾ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നുണ്ടെന്ന് പറയുന്ന ചില ആളുകളുണ്ട്. തഖ്‌വയിൽ ചലിക്കുന്ന ആളുകൾക്ക് ഇങ്ങനെ പറയാൻ സാധ്യമല്ല. ഒരു യഥാർഥ വിശ്വാസിയെ സംബന്ധിച്ചിടത്തോളം രണ്ടു കടമകളും പരിഗണിക്കേണ്ടത് അനിവാര്യമാകുന്നു.

അനാചാരങ്ങൾ വ്യാപിക്കുന്നതിനെയും തഖ്‌വയിൽനിന്ന് ദൂരപ്പെട്ട പോകുന്നതിനെയും സംബന്ധിച്ച് അവിടന്ന് പറയുന്നു: ആയിരക്കണക്കിന് ബിദ്അത്തുകൾ ഓരോ വിഭാഗത്തിലും ഓരോ സംഘത്തിലും അവരവരുടേതായ രീതിയിൽ ഉണ്ടായി കഴിഞ്ഞിരിക്കുന്നു. ഇസ്‌ലാമിന്റെ യഥാർഥ ഉദ്ദേശ്യ ലക്ഷ്യമായ തഖ്‌വയ്ക്കും ത്വഹാറത്തിനും(ഭക്തിയും പരിശുദ്ധിയും) വേണ്ടി നബി(സ)തിരുമേനി ഭയാനകമായ പ്രയാസങ്ങൾ സഹിക്കുകയുണ്ടായി. പ്രവാചകത്വത്തിന്റെ ഹൃദയത്തിനല്ലാതെ മറ്റാർക്കും അത് നേരിടാൻ കഴിയുമായിരുന്നില്ല. അത് ഇന്ന് നഷ്ടപ്പെടുകയും ഇല്ലാതാവുകയും ചെയ്തിരിക്കുന്നു. ജയിലറകളിൽ പോയി നോക്കുക! കുറ്റവാളികളിലാരാണ് കൂടുതലായിട്ടുള്ളത്. അതായത് കുറ്റവാളികളായ ആളുകളിൽ ആരുടെ എണ്ണമാണ് കൂടുതലുള്ളത്.' മുസ്‌ലിം കുറ്റവാളികളാണ് അധികമായിട്ടുള്ളതെന്നാണ് ആ മഹാത്മാവ് സൂചിപ്പിക്കുന്നത്. ഘാനയിൽ നമ്മുടെ ഒരു മന്ത്രി ഉണ്ടായിരുന്നു, ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. നമ്മുടെ യോഗം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: നമ്മുടെ ജയിലുകളിൽ കുടുതലും മുസ്‌ലിംകളാണ്. അദ്ദേഹം പറഞ്ഞു: ഞാൻ അഹ്‌മദിയാണ്. ഞാൻ നിങ്ങളോട് ചാലഞ്ചുചെയ്തുകൊണ്ടു പറയുകയാണ്, കുറ്റവാളികളായ ഈ മുസ്‌ലിമീങ്ങളിൽ ഒരു അഹ്‌മദിയും ഉണ്ടായിരിക്കുന്നതല്ല. ഇനി അഹ്‌മദിയാണെങ്കിൽത്തന്നെ പേരിനു മാത്രമുള്ളവരായിരിക്കും. അവിടെപോയി നോക്കിയപ്പോൾ അത് സത്യമാണെന്നു മനസ്സിലായി. അതിനാൽ യഥാർഥ അഹ്‌മദിയുടെ അടയാളമാണിത്. പിന്നീട് ഇതു വളരെ വലിയ തബലീഗിനുള്ള മാർഗ്ഗമായിത്തീരുന്നു. ഈ കാര്യത്തെ നമ്മൾ മുന്നിൽ വെക്കുകയും എല്ലാ ഇടപാടിലും എല്ലാ കർമങ്ങളിലും നമ്മുടെ കച്ചവടങ്ങളിലും നമ്മുടെ ഉദ്യോഗങ്ങളിലും നമ്മുടെ ജനങ്ങളുമായുള്ള ദൈനംദിന ഡീലിങ്ങിലും നമ്മുടെ ഉന്നത ധാർമികതയെ കാണിക്കുകയാണെങ്കിൽ നമ്മുടെ ഇബാദത്തുകളുടെ നിലവാരം ഉയർത്തുന്നവരായി നാം തീരുന്നതാണ്. ഹൃദയത്തിൽ തഖ്‌വ ഉണ്ടാകുവാൻ പരിശ്രമിക്കുന്നവരായി മാറുകയും അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ നിലനിറുത്തുകയുമാണെങ്കിൽ അത് നമ്മുടെ പരിഷ്കരണത്തിന് കാരണമാകുന്നതോടൊപ്പം തബ്‌ലീഗിനുള്ള ഒരു വിശുദ്ധ മാർഗമാകുന്നതുമാണ്.

അവിടന്ന് പറഞ്ഞു: വ്യഭിചാരം മദ്യം അവകാശ ധ്വംസനം തുടങ്ങി മറ്റു കുറ്റകൃത്യങ്ങൾ വളരെയധികം ഉണ്ടായിക്കൊ

ശേഷം പേജ് 7 ൽ

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 220)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 19 പേജ് 12, കോളം 2–ൽനിന്ന്)

നമസ്കാരത്തിന് ഇതിൽ 2 ഹാളുണ്ട്. ഓരോ ഹാളിനും 168 ചതുരശ്ര അടി മീറ്റർ വിസ്തീർണമുണ്ട്. മിനാരത്തിന്റെ ഉയരം 13 മീറ്ററും ഗുംബദിന് 9 മീറ്റർ വിസ്താരവുമുണ്ട്.

മസ്ജിദിന്റെ നിർമാണത്തോടൊപ്പം അതേ അങ്കണത്തിൽ താമസത്തിനുളള ഒരു ഭാഗവും ഓഫീസുകളും നിർമിക്കപ്പെട്ടു. താമസിക്കുന്ന ഭാഗത്ത് ഒരു നാലുമുറിയുടെ താമസസ്ഥലവും അതിനുപുറമെ രണ്ടുമുറിയുടെ താമസസ്ഥലവും അതിനുപുറമെ ഒരു അതിഥിമന്ദിരവുമുണ്ട്. അതിനുപുറമെ 4 ഓഫീസുകളും ഒരു ലൈബ്രറിയും ഒരു കോൺഫ്രൻസ് റൂമുമുണ്ട്. ഇവിടെ വലിയ അടുക്കളയ്ക്കുളള സൗകര്യവുമുണ്ട്. 22 വണ്ടികൾ ഇവിടെ പാർക്കു ചെയ്യാം.

ചരിത്രപരമായ ഈ മസ്ജിദിന്റെ നിർമാണ പ്രവൃത്തി 1.7 മില്യൺ യൂറോയിലാണ് പൂർത്തിയായത്. ഇതിന്റെ ചെലവുവഹിച്ചത് ലജ്ന ഇമാഇല്ലായാണ്. ഈ മസ്ജിദിന്റെ ഡിസൈൻ തയ്യാറാക്കിയത് മുബശ്ശിറ ഇൽയാസ് സാഹിബയാണ്. ഈ മസ്ജിദ് സ്ത്രീകളുടെ മാത്രം ചെലവുകൊണ്ടാണ് നിർമിച്ചിട്ടുളളത്. 1.3 മില്യൺ യൂറോയുടെ ചെലവ് ലജ്നഇമാഇല്ലാഹ് ജർമനി വഹിച്ചു. ബാക്കിയുള്ള നാലുലക്ഷം യൂറോ ചെലവാക്കിയത് ലജ്ന ഇമാഇല്ലാഹ് യു.കെയാണ്. രണ്ടു നിലയുള്ള ഈ മസ്ജിദ് ദൂരത്തുനിന്നുതന്നെ കാണാവുന്നതാണ്. ഇതിന്റെ ഉയരമുള്ള മിനാരവും ഗുംബദും ജനശ്രദ്ധ ആകർഷിക്കുന്നു.

ഹുദൂർ അൻവർ മസ്ജിദ് ഖദീജയിൽ വന്ന് 08.00 മണിക്ക് മഗ്‌രിബ് - ഇശാഅ് ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു.

ബെർലിൻ പട്ടണം 1183 മുതൽ സ്പ്രീ(Spree) കായലിന്റെ തീരത്ത് അധിവസിച്ചുവരുന്നു. 892 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പട്ടണത്തിലെ ജനസംഖ്യ 3.4 മില്യനാണ്. 1871-ൽ ആദ്യമായി ഈ പട്ടണം ജർമനിയുടെ തലസ്ഥാന നഗരിയായി. രണ്ടാം ലോക മഹായുദ്ധ കാലഘട്ടത്തിൽ ഈ പട്ടണത്തിലെ ജനസംഖ്യ 4.3 മില്യനായിരുന്നു. ഇവരിൽനിന്നു 02.8 മില്യൻ ജനങ്ങൾ മാത്രമേ യുദ്ധക്കെടുതിയിൽനിന്നു ജീവനോടെ രക്ഷപെട്ടുള്ളൂ. 6 ലക്ഷം വീടുകൾ തകർന്നു. ബെർലിൻ മതിൽ നിർമിതമായതോടെ ഈ പട്ടണം 2 ഭാഗമായി പിളർന്നു. കിഴക്കൻ ജർമനി എന്ന് വിളിക്കപ്പെടുന്ന ഒരു ഭാഗം റഷ്യയുടെ നിയന്ത്രണത്തിലായി. 1989 നവംബർ 10-ന് ബെർലിൻമതിൽ വീഴ്ത്തപ്പെടുകയും ഈ രണ്ടുഭാഗവും ഒന്നായിത്തീരുകയും ചെയ്തു. റഷ്യയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന ഭാഗത്താണ് ഖദീജ മസ്ജിദ് നിർമിതമായതെന്നതും ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്നു. ഈ മസ്ജിദിന്റെ നിർമാണത്തെ കുറിച്ചുള്ള ചർച്ച ലോകത്താകമാനമുള്ള പ്രിന്റ്, ഇല്ക്ട്രോണിക് മീഡിയ ചെയ്തിരുന്നു.

### 2019 ഒക്ടോബർ 22 തിങ്കളാഴ്ച

രാവിലെ 06.45-ന് ഹുദൂർ മസ്ജിദ് ഖദീജയിൽ സ്വുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. രാവിലെ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ ഹുദൂർ വ്യാപൃതനായി. കത്തുകൾ പരിശോധിച്ച് മാർഗനിർദേശങ്ങൾ നല്കി. 2 മണിക്ക് ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു.

പാർലമെന്റംഗങ്ങളും മതപരവും രാഷ്ട്രീയപരവുമായ രംഗത്ത് വിശിഷ്ടരുമായ വ്യക്തികളുമായുളള കൂടിക്കാഴ്ച

അമേരിക്കയുടേയും ബ്രിട്ടന്റേയും എംബസികൾ സ്ഥിതി ചെയ്യുന്ന, ജർമൻ പാർലമെന്റിനടുത്തുളള വിശേഷ കവാടമായ ബ്രാന്റൻബെർഗ് ഗേറ്റിൽനിന്ന്(Brandenburg Gate) കുറച്ചു ചുവടുകൾ അകലത്തുള്ള ഹോട്ടൽ അഡിയോൺ കെംപിൻസ്കി(Adion Kempinski)യിൽ സുപ്രധാനമായൊരു പരിപാടി സംഘടിപ്പിക്കപ്പെട്ടിരുന്നു. ഇതിൽ പാർലമെന്റംഗങ്ങളും മറ്റു ഉന്നതരായ സർക്കാരുദ്യോഗസ്ഥരും രാഷ്ട്രീയ മതരംഗത്ത് പ്രവർത്തിക്കുന്ന വ്യക്തിത്വങ്ങളും പങ്കെടുത്തു. 5.30-ന് മസ്ജിദിൽനിന്നു പുറപ്പെട്ട ഹുദൂർ 06.00 മണിക്ക് ഹോട്ടലിലെത്തി.

ഹോട്ടലിലെ മീറ്റിംഗ് ഹാളിൽ മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് ആന്റ് ഡെപ്യൂട്ടി ഫോറിൻ മിനിസ്റ്റർ മിസ്റ്റർ നീൽസ് ആന്നെൻ(Mr.Niels Annen) ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹത്തെ രണ്ടു പാർലമെന്റംഗങ്ങളും അനുഗമിച്ചിരുന്നു. അവരിലൊരാൾ ഹ്യൂമൻ റൈറ്റസ് സ്പോക്സ്പേഴ്സൺ (Spokesperson) മിസ്റ്റർ ഫ്രാങ്ക് ഹെയിൻ റിച്ച് (Mr.Frank Heinrich) ആയിരുന്നു. ഫോറിൻ അഫയേഴ്സ് സ്പോക്സ് പേഴ്സൺ മിസ്റ്റർ ഒമിഡ് നൗർപോറാണ്(Spokesperson Omid Nourpour) രണ്ടാമത്തെ എം പി.

✧ മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് നീൽസ് അന്നെൻ(Niels Annen) ഹുദൂറിനോടു പറഞ്ഞു:ഇവിടെ വരാനും പ്രഭാഷണം കേൾക്കാനും സാധിച്ചത് എനിക്ക് ലഭിച്ച ബഹുമതിയാണ്. അഹ്മദിയ്യാ ജമാഅത്ത് വളരെയധികം പ്രവർത്തനക്ഷമമായ ഹംബർഗ് (Humburg) ജില്ലയെ പ്രതിനിധാനം ചെയ്താണ് ഞാൻ വന്നത്. അഹ്മദികളോട് എനിക്ക് വളരെ നല്ല ബന്ധമാണുള്ളത്. അഹ്മദികളിൽ ഞാൻ വളരെ ആകൃഷ്ടനാണ്. ഇപ്പോൾ ഹുദൂറുമൊത്ത് കൂടിക്കാഴ്ച നടത്താൻ സാധിച്ചതിലും ഞാൻ വളരെ സന്തോഷവാനാണ്. ഞാനിതിൽ അഭിമാനിക്കുന്നു.

ഹുദൂർ: മുമ്പേതന്നെ അഹ്മദിയ്യാ സമൂഹത്തെ കുറിച്ച് നിങ്ങൾക്ക് അറിയുന്നതാണ്. മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് പറഞ്ഞു: എനിക്ക് നല്ലവണ്ണം അറിയാം.

മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് ഹുദൂറിന്റെ സന്ദർശനത്തെ കുറിച്ച് അന്വേഷിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു:

ഈ വർഷംതന്നെ മുമ്പേ ജർമൻ ജൽസാ സാലാനയിൽ പങ്കെടുക്കാൻ ഞാനിവിടെ വന്നിരുന്നു. എന്നാലിപ്പോൾ ജർമനിയിലേക്കുള്ള ഈ വരവിന്റെ ലക്ഷ്യം ചില മസ്ജിദുകളുടെ ഉദ്ഘാടനമാണ്. ഇന്നിവിടെ നടന്ന പരിപാടിയിൽ പങ്കെടുക്കാനാണ് ഞാൻ വന്നിട്ടുളളത്.

മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് ബെർലിനിൽ നടക്കുന്ന പരിപാടിയെ കുറിച്ചും സംസാരിച്ചു.

ഹുദൂർ: ഇപ്പോളിവിടെ ജർമനിയിൽ ഇസ്ലാമിക നാഗരികതയും സംസ്കാരവും ഇതിന്റെ സംയോജനവും എന്ന വിഷയം വളരെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇവിടെ വരാനും ഈ വിഷയത്തെ കുറിച്ച് സംസാരിക്കാനും ജർമനി ജമാഅത്ത് എന്നോട് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അതുകൊണ്ട് ഇസ്ലാമിനെ കുറിച്ച് ഭീതി ഉണ്ടാകേണ്ട ഒരു കാരണവുമില്ലെന്ന് വെളിപ്പെടുത്താനാണ് ഞാനിവിടെ വന്നത്. പാശ്ചാത്യ സംസ്കാരം ഇത്രയധികം ശക്തമായിരിക്കുമ്പോൾ വളരെ എളുപ്പത്തിൽ ഇതിനെ അവസാനിപ്പിക്കാൻ കഴിയുമോ? ഈ വിഷയകമായി ഞാനിന്ന് കുറച്ച് കാര്യങ്ങൾ പറയുന്നതായിരിക്കും.

മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് ഹുദൂറിന്റെ ബെർലിൻ യാത്രയെ കുറിച്ചും അന്വേഷിച്ചു.

ഹുദൂർ: ഇപ്പോളിവിടെ ജർമനിയിൽ ഏതാനും ദിവസങ്ങൾ തങ്ങുന്നതാണ്. ഇനി നാളെ ബെർലിനിൽനിന്നു ഹംബർഗിലേക്കു പോകും. നിങ്ങളുടെ തിരഞ്ഞെടുപ്പ് മണ്ഡലത്തിലേക്കാണ് പോകുന്നത്.

മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് തന്റെ സ്നേഹിതനായ ഒമിഡ് നൗർപോറിനെ ഹുദൂറിന് പരിചയപ്പെടുത്തുകയും അദ്ദേഹം മുസ്ലിമാണെന്ന് അറിയിക്കുകയും ചെയ്തു. ഹുദൂർ: ഇന്നത്തെ പരിപാടിക്കുശേഷം മുസ്‌ലിം എം.പി.മാർക്ക് ഇസ്ലാമിനെ പ്രതിരോധിക്കാൻ ഏറ്റവും നല്ല തെളിവുകൾ പ്രാപ്തമാകും.

Omid Nourpour: ഫ്രാങ്ക്ഫർട്ടിൽ അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്ന സേവനങ്ങൾ അസാധാരണമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗത്തുനിന്നു സഹവർത്തിത്വത്തിന്റെ ഉന്നതമായ മാതൃകകളുണ്ട്. വളരെ നല്ല രൂപത്തിലാണ് ജമാഅത്ത് ഇന്റഗ്രേറ്റ്(integrat) പ്രവൃത്തി ചെയ്യുന്നത്. ജമാഅത്തിന്റെ ഭാഗത്തുനിന്നു നല്ല സഹകരണം ലഭിക്കുന്നുണ്ട്.

ഹുദൂർ ഡെപ്യൂട്ടി മിനിസ്റ്ററിനോടു ആരാഞ്ഞു: ഫോറിൻ മിനിസ്റ്റർ എന്ന നിലയിൽ നിങ്ങൾക്കുള്ള വെല്ലുവിളികളെന്തൊക്കെയാണ്? ബ്രെക്സിറ്റ് (Brexit) പ്രശ്നത്തിലും നിങ്ങൾ ഇടപെട്ടിട്ടുണ്ടോ? ഈ പ്രശ്നം വളരെ സങ്കീർണമായ അവസ്ഥയിലാണുള്ളത്.

ഡെപ്യൂട്ടി മിനിസ്റ്റർ: നിശ്ചയമായും ഒന്ന് ബ്രെക്സിറ്റ് തന്നെയാണ്. ഇന്നും ഇതു വിഷയകമായി പുതിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. പെട്ടെന്നുതന്നെ ബ്രിട്ടണിൽ പൊതു തിരഞ്ഞെടുപ്പ് ഉണ്ടാകുമെന്ന് പറയപ്പെടുന്നു. യൂറോപ്യൻ യൂണിയനെ ഐക്യത്തോടെ വെക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്. അതിനുവേണ്ടി ജർമനിക്ക് സവിശേഷ ഉത്തരവാദിത്വമുണ്ട്.

മൂന്നാമത്തെ അതിഥി ഇഉഡ പാർട്ടിയുടെ പാർലമെന്റംഗം ഫ്രാങ്ക് ഹെയിൻറിച്ച്(Frank Heinrich) ഹുസൂറിനോടു പറഞ്ഞു: ജർമനിയിൽ വളരെ നല്ലവണ്ണം പ്രവർത്തിച്ചു വരുന്ന അഹ്മദിയ്യാ ജമാഅത്തിന് ഞാൻ നന്ദി പറയാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജമാഅത്തംഗങ്ങൾ ഞങ്ങളുമായി ഒന്നാ

ശേഷം പേജ് 11 ൽ

പേജ് 5 ൽ നിന്ന്

ണ്ടിരിക്കുന്നു. എത്രത്തോളമെന്നാൽ 'അല്ലാഹു ഇല്ല' എന്നുവരെ കരുതുന്നു. വ്യത്യസ്ത സമൂഹങ്ങളുടെ തിന്മകളെയും ന്യൂനതകളെയും സംബന്ധിച്ച് ചർച്ച ചെയ്യുകയാണെങ്കിൽ ഒരു ബൃഹത്ഗ്രന്ഥംതന്നെ തയ്യാറാക്കപ്പെടുന്നതാണ്. ഓരോ ബുദ്ധിമാനായ വ്യക്തിയും ജനതയിലെ വിവിധ വ്യക്തികളുടെ അവസ്ഥയിൽ ദൃഷ്ടിപതിപ്പിച്ച് ഈ ശരിയായതും ദൃഢവുമായ ഫലത്തിലായിരിക്കും എത്തിച്ചേരുന്നത്. എന്തെന്നാൽ വിശുദ്ധ ഖുർആൻ പറയുന്ന അടിസ്ഥാനപരമായ തഖ്‌വ -അതാണ് അന്തസ്സിനുള്ള യഥാർഥ കാരണം-ഇന്ന് നിലനിൽക്കുന്നില്ല. വിശുദ്ധ ഖുർആൻ തഖ്‌വ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നു. അത് തന്നെയാണ് വിശുദ്ധ ഖുർആനിന്റെ ലക്ഷ്യവും. അത് മുസ്‌ലിമീങ്ങളിൽനിന്ന് നഷ്ടപെട്ടു പോയിരിക്കുന്നു. പറഞ്ഞു: ഏറ്റവും അത്യാവശ്യമായി വേണ്ടിയിരുന്ന കർമപരമായ അവസ്ഥ അതായിരുന്നു അന്യരെയും മുസ്‌ലിമീങ്ങളെയും തമ്മിൽ വേർതിരിച്ചിരുന്നത്, വളരെ ദുർബലമാവുകയും മോശമാകുകയും ചെയ്തിരിക്കുന്നു.' *(മൽഫൂദാത്ത് വാള്യം 4, പേജ് 4, 1984 പതിപ്പ്)*

ഇത്തരം അവസ്ഥയാണെങ്കിൽ പിന്നെന്ത് തബ്‌ലീഗാണ് നടക്കുക? പിന്നെ മുസ്‌ലിമീങ്ങളുടെ എന്തു പ്രഭാവമാണ് ലോകത്തുണ്ടാകുക. അതിന്റെ പരിമിതിയാണ് ഇന്ന് നമ്മൾ കണ്ടു കൊണ്ടിരിക്കുന്നത്. അതിന്റെ പ്രതിവിധി അഹ്‌മദികളുടെ പക്കലാണുള്ളത്. നമ്മളും കേടുവരുകയാണെങ്കിൽ പിന്നെ ആരാണ് സംരക്ഷിക്കാനുള്ളത്? ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ അവന്റെ അനുഗ്രഹത്താൽ പൂർത്തിയാകുന്നതാണ്. എന്നാൽ, നമ്മൾ അതിൽ ഭാഗഭാക്കാകുന്നില്ലെങ്കിൽ അല്ലാഹു മറ്റു സമൂഹങ്ങളെ എഴുന്നേല്പിക്കുന്നതായിരിക്കും. അവർ മുഖേന ആ വാഗ്ദാനങ്ങൾ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ നമ്മുടെ സമൂഹത്തിന്റെ അവസ്ഥ ആകുകയാണെങ്കിൽ നമ്മുടെ നന്മയുടെയും തഖ്‌വയുടെയും നിലവാരത്തെ കുറിച്ച് നമ്മൾ എത്രമാത്രം ആശങ്കപെടേണ്ടിയിരിക്കുന്നു. നമ്മുടെ തലമുറയുടെ നന്മയുടെയും തഖ്‌വയുടെയും നിലവാരത്തെ കുറിച്ചും എത്രമാത്രം ആശങ്കാകുലരാകേണ്ടിയിരിക്കുന്നു. അവിടന്ന് ഇങ്ങനേയും പറഞ്ഞു: അനുഗ്രഹങ്ങളിൽനിന്നു ഫലമെടുക്കാതിരിക്കുക എന്നതല്ല തഖ്‌വാ അഥവാ ഭക്തി. മറിച്ച് അവയിൽ നിന്ന് ഫലമെടുക്കുന്നില്ലെങ്കിൽ അത് തഖ്‌വയിൽ നിന്നുള്ള അകൽച്ചയാണ്.

ചില നാമമാത്ര മഹാന്മാരും പീർഫഖീർമാരും പ്രദർശനപരത എന്ന നിലയ്ക്ക് സാധാരണ വസ്ത്രങ്ങളും രുചിയില്ലാത്ത ഭക്ഷണവും കഴിക്കുകയും ചെയ്യാറുണ്ട്. അങ്ങനെ തങ്ങൾ മുത്തഖീങ്ങളാണെന്നും വലിയ നന്മയുള്ളവരാണെന്നും പ്രകടിപ്പിക്കുന്നു. അവിടന്ന് പറയുന്നു: 'ഓർക്കുക. മനുഷ്യൻ എല്ലാ സമയത്തും എല്ലാ അവസ്ഥയിലും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. മറ്റൊന്ന് ***അമ്മാ ബി നിഅ്മത്തി റബ്ബിക്ക ഫഹദ്ദിഥ്*** എന്നതനുസരിച്ച് വർത്തിക്കേണ്ടതാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ പ്രകടിപ്പിക്കേണ്ടതും അനുസ്മരിക്കേണ്ടതും വ്യക്തമാക്കേണ്ടതുമാണ്. അതിലൂടെ അല്ലാഹുവിനോടുള്ള സ്നേഹവും വർധിക്കുന്നു. അനുഗ്രഹങ്ങൾ പ്രകടിപ്പിക്കുമ്പോൾ അവനെ അനുസരിക്കുന്നതിനുള്ള ഒരാവേശം ഉടലെടുക്കുന്നു. തഹ്ദീഥ് എന്നതു കൊണ്ടുദ്ദേശിക്കുന്നത്, കേവലം നാവു കൊണ്ടു പറയുക എന്നതല്ല. പ്രത്യുത ശരീരത്തിലും അതിന്റെ പ്രഭാവം ഉണ്ടാകണം. ഉദാഹരണമായി അല്ലാഹു ഒരാൾക്കു നല്ല വസ്ത്രം ധരിക്കുന്നതിനു തൗഫീഖ് നൽകുകയും എന്നാൽ, അയാൾ താൻ ദയാർഹനാണെന്നു മനസ്സിലാക്കപ്പെടണമെന്നോ അതല്ലെങ്കിൽ തന്റെ സുഭിക്ഷതയെ കുറിച്ച് ആരും മനസ്സിലാക്കരുതെന്നോ കരുതി അഴുക്കുള്ള വസ്ത്രങ്ങൾ ധരിക്കുകയാണെങ്കിൽ അയാൾ പാപമാണ് ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ അയാൾ അല്ലാഹുവിന്റെ അനുഗ്രഹാശിസുകളെ മറക്കുകയും കാപട്യത്തോടെ പെരുമാറുകയും വഞ്ചിക്കുകയും തെറ്റുധാരണ ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. ഇതു വിശ്വാസിയുടെ അന്തസ്സിനെതിരാകുന്നു. വിശ്വാസി അങ്ങനെയാകാൻ തരമില്ല. നബി(സ)തിരുമേനിയുടെ മതം സമ്മിശ്രമായിരുന്നു. അതായത് എന്താണോ സൗകര്യപ്പെടുന്നത് അതനുസരിച്ച് നബി(സ)തിരുമേനി ചെയ്യുമായിരുന്നു അതല്ലാതെ ഒരുഭാഗത്തേക്കുമാത്രം ചായ്‌വായിരുന്നില്ല. നല്ല വസ്ത്രം കിട്ടിയപ്പോൾ ആ നല്ല വസ്ത്രവും ധരിച്ചു. അത് ഇല്ലാതായപ്പോൾ സാധാരണ വസ്ത്രവും ധരിച്ചു. അവിടന്ന് പറയുന്നു: നബി(സ)തിരുമേനിക്കെന്താണോ കിട്ടിയിരുന്നത് അത് ധരിച്ചിരുന്നു. മുഖം തിരിച്ചിരുന്നില്ല. ഏതു തരത്തിലുള്ള വസ്ത്രം കൊടുത്താലും അത് സ്വീകരിച്ചിരുന്നു. എന്നാൽ, നബി(സ)തിരുമേനിക്കുശേഷം ചിലയാളുകൾ അതിൽ പൗരോഹിത്യം ചേർക്കുന്നതിനുവേണ്ടി അതൊരു ഉപായമാക്കി. ചില ദർവേശുമാരെപോലുള്ള ആളുകളെ കണ്ടിട്ടുണ്ട്. അവർ മാംസത്തിൽ മണ്ണിട്ട് കഴിക്കുന്നു. തങ്ങളെ അവർ ദർവേശ് എന്ന് പറയുന്നു. മാംസത്തിൽ മണ്ണുചേർത്ത് ഭക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു ദർവേശിന്റെ അടുത്ത് ഒരാൾ വന്നിട്ട് ഭക്ഷണം വേണമെന്ന് പറഞ്ഞു. ദർവേശ് തൻെറ ശിഷ്യന്മാരോട് അതിഥിയെ ഊട്ടുക എന്ന് പറഞ്ഞു. എന്നാൽ, അതിഥി പറഞ്ഞു പീർ സാഹിബ് ഞാൻ താങ്കളോടൊപ്പമാണ് ഭക്ഷണം കഴിക്കുന്നത്. അവസാനം ആ ദർവേശിന്റെ കൂടെ ഭക്ഷണത്തിന്നിരുന്നപ്പോൾ കാഞ്ഞിരത്തിന്റെ ഉരുളകൾ തയ്യാറാക്കി അദ്ദേഹത്തിനു മുമ്പിൽ വെച്ചു.

കാഞ്ഞിരം വളരെ കയ്പ്പുള്ള മരമാകുന്നു. അതിന്റെ ഇലകളും വളരെ കയ്പ്പുള്ളതാണ്. കാഴ്ചയിൽ ഹൃദ്യമാണെങ്കിലും അതു വളരെ കയ്പ്പുള്ളതാണ്. അതുകൊണ്ടുള്ള ഭക്ഷണമുണ്ടാക്കി നല്കി. ഒരു സ്വാദും ഉണ്ടായിരുന്നില്ല. സ്വാദുപോകട്ടെ വളരെ അരോചകമായ കയ്പ് രസമായിരുന്നു. പറയുന്നു: ഇത്തരത്തിലുള്ള കാര്യങ്ങൾ ചിലയാളുകൾ സ്വീകരിക്കാറുണ്ട്. തങ്ങൾ എല്ലാം തികഞ്ഞരവാരാണെന്ന് ബോധ്യപ്പെടുത്താനാണ് അവർ അതു കൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ, മസീഹ് മൗഊദ്(അ) അതിനെ വൈശിഷ്ട്യങ്ങളിൽ ഉൾപെടുത്തുന്നില്ല.

ഇസ്‌ലാമിന്റെ ശ്രേഷ്ഠത 'തഖ്‌വ' അഥവാ ഭക്തിയാകുന്നു. അതുമുഖേന ദൈവിക സൗഹൃദം ലഭ്യമാകുന്നു. അതുമുഖേന മലക്കുകളുമായി സംവദിക്കാൻ കഴിയുന്നു. അല്ലാഹു സുവാർത്തകൾ നൽകുന്നു. അതല്ലാത്ത അധ്യാപനം നാം നൽകുന്നില്ല. കാരണം അത് ഇസ്‌ലാമിന്റെ അധ്യാപനങ്ങളുടെ ഇച്ഛക്കെതിരാകുന്നു. വിശുദ്ധ ഖുർആൻ ***കുലൂ മിൻ ത്വയ്യിബാത്*** പരിശുദ്ധ വസ്തുക്കളിൽനിന്ന് ഭക്ഷിക്കുക എന്ന അധ്യാപനമാണ് നൽകുന്നത്. ഇവർ പരിശുദ്ധ വസ്തുക്കളിൽ മണ്ണിട്ടു കൊണ്ട് അതിനെ മലീമസമാക്കുന്നു. ഇത്തരത്തിലുള്ള മതം ഇസ്‌ലാമിന് വളരെ ശേഷമാണുണ്ടായത്. അവർ തങ്ങളെ നബി(സ)തിരുമേനിയുമായി ചേർത്ത് പറയുന്നു. അവർക്ക് ഇസ്‌ലാമുമായോ വിശുദ്ധഖുർആനുമായോ ഒരുവിധ ബന്ധവുമില്ല. അവർ തങ്ങളുടെ സ്വന്തം ശരീഅത്ത് വേറെതന്നെ സ്ഥാപിക്കുന്നവരാണ്. ഞാൻ അതിനെ തികഞ്ഞ അവജ്ഞയോടെയും വെറുപ്പോടെയുമൊക്കെയാണ് കാണുന്നത്. നമുക്ക് നബി(സ)തിരുമേനിയുടെ വിശുദ്ധ മാതൃകയുണ്ട്. നമ്മുടെ മേന്മയും നന്മയും സാധ്യമാകുന്നിത്തോളം നബി (സ) തിരുമേനിയുടെ ചുവടുകളിൽ ചലിക്കുക എന്നതും അതിനെതിരിൽ ഒരു ചുവടുപോലും വെക്കാതിരിക്കുകയും ചെയ്യുക എന്നതാകുന്നു.'

ഇത് തിന്നുന്നതിന്റേയും കുടിക്കുന്നതിന്റേയും കാര്യമാണ്. പിന്നീട് നിത്യജീവിതത്തിലെ ധാർമികതയുടെ കാര്യങ്ങളുണ്ട്. പറഞ്ഞു: ഇപ്രകാരംതന്നെ സ്ത്രീകളോടും കുട്ടികളോടുമുള്ള ബന്ധങ്ങളുണ്ട്. വീടുകളിലെ പെരുമാറ്റമുണ്ട്. അതു സംബന്ധമായ ജനങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പറയുന്നു: 'സ്ത്രീകളോടും കുട്ടികളോടുമുള്ള ബന്ധത്തിലും പെരുമാറ്റത്തിലും ജനങ്ങൾ തെറ്റിലകപ്പെടുകയും നേർമാർഗത്തിൽനിന്ന് വ്യതിചലിക്കുകയും വഴിതെറ്റുകയും ചെയ്യുന്നു. വിശുദ്ധ ഖുർആനിൽ എഴുതിയിരിക്കുന്നു: ***ആശിറൂഹുന്ന ബിൽ മഅ്റൂഫി***(4:20) നിങ്ങൾ അവരോടു നല്ലനിലയിൽ വർത്തിക്കുവിൻ. പക്ഷേ, ഇപ്പോൾ അതിനുവിരുദ്ധമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. *(മൽഫൂദാത്ത് വാള്യം 4, പേജ് 43-44, 1984 പതിപ്പ്)*

അവർ മഅ്റൂഫ്(നല്ല കാര്യം) എന്തു ചെയ്യാനാണ്? ചില വീടുകളിൽ അക്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ തൗഫീഖുണ്ടെങ്കിൽ നല്ല വസ്ത്രം ധരിക്കുകയും നല്ല ഭക്ഷണം കഴിക്കുകയുമാണ് ചെയ്യുക. അതു തഖ്‌വയിൽ കുറവ് വരുത്തുന്നില്ല. പ്രത്യുത വർധന ഉണ്ടാക്കുന്നു. കൂടാതെ കുടുംബത്തിലെ ധാർമികതയെ സംബന്ധിച്ചും പറയുന്നു, ഭാര്യമക്കളോട് നല്ല രീതിയിൽ പെരുമാറേണ്ടതും അനിവാര്യമാണ്. തങ്ങളുടെ മക്കളെ ശ്രദ്ധിക്കുകയും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുകയും അവർക്ക് ശരിയായ ശിക്ഷണം നൽകുകയും ചെയ്യേണ്ടതു നിർബന്ധമാണ്. അതും തഖ്‌വയാകുന്നു. അതാണ് ഖുർആനിന്റെ കൽപ്പനയും. അതുകൊണ്ട് അല്ലാഹുവിനോടുള്ള കടമകളും സമസൃഷ്ടികളോടുള്ള കടമകളും നിർവഹിക്കേണ്ടത് നിർബന്ധമാണ്.

പിന്നീട് ഒരു കാര്യം അവിടന്ന് വിവരിച്ചു. അതായത് മുത്തഖിയായ ആൾക്ക് അല്ലാഹുവിൽ നിന്ന് ഒരു പ്രകാശം നൽകപ്പെടുന്നു. ഇതു സംബന്ധമായി ആ മഹാത്മാവ് പറയുന്നു: 'യഥാർഥ തഖ്‌വയോടൊപ്പം ജാഹിലിയ്യത്ത് അഥവാ അജ്ഞത ചേരുകയില്ല. യഥാർഥ തഖ്‌വയുടെ കൂടെ ഒരു പ്രകാശം ഉണ്ടായിരിക്കും. അല്ലാഹുപറയുന്നു: ***യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ യജ്അല്ലക്കും ഫുർഖാനൻ വ യുകഫ്ഫിർ അൻകും സയ്യിആത്തിക്കും*** (8:30) ***വ യജ്അല്ലക്കും നൂറൻ തംശൂന ബിഹീ*** വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ അവൻ നിങ്ങൾക്കൊരു വിവേചകവൈശിഷ്യം നല്കുകയും നിങ്ങളുടെ വൈകല്യങ്ങളെ ദൂരീകരിക്കുകയും നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. ആ വിവേചകവൈശിഷ്യം എന്തെന്നാൽ ***വ യജ്അല്ലക്കും നൂറൻ തംശൂന ബിഹീ*** അവൻ നിങ്ങൾക്ക് ഒരു പ്രകാശം നല്കുന്നതാണ്. അതുംകൊണ്ട് നിങ്ങൾ വഴിനടക്കുന്നതാണ്. അതായത് ആ പ്രകാശം നിങ്ങളുടെ എല്ലാ കർമങ്ങളിലും വാക്കുകളിലും ശക്തികളിലും ഇന്ദ്രിയങ്ങളിലും വരുന്നതാണ്. നിങ്ങളുടെ ബുദ്ധിയിലും പ്രകാശമുണ്ടാകും നിങ്ങളുടെ എല്ലാ ഉറച്ച കാര്യങ്ങളിലും പ്രകാശമുണ്ടാകും. തെറ്റായ ഒരു കർമവും ഉണ്ടാകുന്നതല്ല. നിങ്ങൾ അല്ലാഹുവിന്റെ അഭീഷ്ടങ്ങൾക്കനുസരിച്ച് ചലിക്കുന്നവരാകും. എന്തെകിലുമുണ്ടായാൽ ഉടൻതന്നെ അല്ലാഹു അതിനെ നന്നാക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നതാണ്. ഇസ്തിഗ്ഫാർ ചെയ്യുന്നതിലേക്ക് അല്ലാഹു ശ്രദ്ധ ക്ഷണിക്കുന്നതാണ്. അവിടന്ന് പറയുന്നു: 'നിങ്ങളുടെ എല്ലാ ഉറച്ച കാര്യങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ കണ്ണുകളിൽ പ്രകാശമുണ്ടാകും. നിങ്ങളുടെ കാതുകളിൽ പ്രകാശമുണ്ടാകും. നിങ്ങളുടെ നാവുകളിൽ പ്രകാശമുണ്ടാകും. നിങ്ങളുടെ വിവരണങ്ങളിലും നിങ്ങളുടെ ഓരോ അനക്കമടക്കത്തിലും പ്രകാശമുണ്ടാകും. നിങ്ങൾ സഞ്ചരിക്കുന്ന വഴികൾ പ്രകാശഭരിതമാകും. ചുരുക്കത്തിൽ നിങ്ങളുടെ മാർഗങ്ങൾ നിങ്ങളുടെ കഴിവിന്റെ മാർഗങ്ങൾ നിങ്ങളുടെ ബോധേന്ദ്രിയത്തിന്റെ വഴികളെല്ലാം പ്രകാശഭരിതമാകും. നിങ്ങൾ ആപാദചൂഡം പ്രകാശത്തിൽ സഞ്ചരിക്കുന്നവരാകും. *(ആയിനയെ കമാലാത്തെ ഇസ്‌ലാം റൂഹാനീ കസാഇൻ വാള്യം 5, പേജ് 177-178)*

നിങ്ങളുടെ എല്ലാ മാർഗങ്ങളും നന്മയിലേക്ക് നയിക്കുന്നതായി മാറും. നിങ്ങളുടെ കഴിവുകളും നന്മ ചെയ്യുന്നതായി മാറും. നിങ്ങളുടെ ചിന്താഗതികളും നന്മയുള്ളതാകും. തിന്മയുടെ ചിന്താഗതികൾ മാഞ്ഞുപോവുകയും ചെയ്യും. അങ്ങനെയുള്ള ഒരു സമൂഹം ഉണ്ടായിവരുമ്പോൾ അതുപിന്നെ തീർച്ചയായും തഖ്‌വയിൽ ചലിക്കുന്നവരുടെ സമൂഹമായിരിക്കും. അവിടന്ന് പറയുന്നു: ചിരപുരാതനമായ പ്രകൃതിനിയമം എന്തെന്നാൽ ഇതെല്ലാംതന്നെ സമ്പൂർണമായ 'മഅ്രിഫത്തി'നു ശേഷമാണ് കിട്ടുക. ഭയത്തിന്റേയും സ്നേഹത്തിന്റേയും വിലമതിക്കുന്നതിന്റേയും തായ്‌വേര് പരിപക്വമായ മഅ്രിഫത്താകുന്നു. ആയതിനാൽ സമ്പൂർണമായ ഈ മഅ്രിഫത്ത് അഥവാ ഈശ്വരീയജ്ഞാനം കിട്ടിയവനാണ് ഭയത്തിന്റേയും സ്നേഹത്തിന്റേയും സമ്പൂർണത നൽകപ്പെടുന്നത്. പരിപക്വമായ ഭയവും സ്നേഹവും നൽകപ്പെടുന്നവൻ ധിക്കാരത്തിൽ നിന്ന് ഉടലെടുക്കുന്ന തിന്മയിൽനിന്ന് മോക്ഷം പ്രാപിക്കുന്നു.

അതുകൊണ്ട് നമ്മൾ ഈ മോക്ഷത്തിനുവേണ്ടി ആരുടെയെങ്കിലും രക്തത്തെ ആശ്രയിക്കുന്നില്ല. ഒരു കുരിശിനെയും ആശ്രയിക്കുന്നില്ല. ഒരു പാപപരിഹാര സിദ്ധാന്തവും നമുക്കാവശ്യമില്ല. മറിച്ച് ഒരു ത്യാഗമാണാവശ്യം. അത് നമ്മുടെ ആത്മാവിന്റെ ത്യാഗമാകുന്നു. അതിന്റെ ആവശ്യകത നമ്മുടെ പ്രകൃതത്തിൽ അനുഭവപ്പെടുന്നു. അത്തരം ത്യാഗത്തിന് മറ്റു വാക്കുകളിൽ പറയുന്ന പേരാണ് ഇസ്‌ലാം. ആത്മത്യാഗം ചെയ്യുന്നത് തഖ്‌വയിലേക്ക് പോകുന്നതിനു കാരണമാകുന്നു. അതിന്റെ പേരുതന്നെയാണ് ഇസ്‌ലാം. ഇസ്‌ലാമിന്റെ അർഥം ബലിയറുക്കുന്നതിന് കഴുത്തു മുമ്പോട്ടുവെച്ചുകൊടുക്കുക എന്നാണ്. അതായത് പൂർണ തൃപ്തിയോടെ തന്റെ ആത്മാവിനെ ദൈവിക സമക്ഷത്തിൽ വെച്ചുകൊടുക്കുക. ഈ പ്രിയപ്പെട്ട നാമം ശരീഅത്തിന്റെ ആത്മാവും എല്ലാ കല്പനകളുടെയും ജീവനുമാകുന്നു. ബലിയറുക്കുന്നതിന് വേണ്ടി സ്വന്തം ഇഷ്ടവും തൃപ്തിയും മുഖേന കഴുത്ത് മുന്നിലേക്ക് വെച്ച് കൊടുക്കാൻ പൂർണ സ്നേഹവും അനുരക്തിയും ആവശ്യമാണ്. പൂർണമായ സ്നേഹത്തിന് സമ്പൂർണമായ മഅ്രിഫത്ത് അഥവാ ഈശ്വരീയജ്ഞാനം ആവശ്യമാകുന്നു. ഒരു വസ്തുവിനെ കുറിച്ച് ശരിയായ തിരിച്ചറിവ് ഉണ്ടാകാത്തിടത്തോളം സ്നേഹമുണ്ടാകാൻ സാധ്യതയില്ല. ചുരുക്കത്തിൽ ഇസ്‌ലാം എന്ന പദം സൂചിപ്പിക്കുന്നത് യഥാർഥ ത്യാഗത്തിന് സമ്പൂർണമായ തിരിച്ചറിവും തികവുറ്റ സ്നേഹവും അനിവാര്യമാകുന്നു എന്നാകുന്നു. മറ്റൊരു കാര്യത്തിന്റേയും ആവശ്യമില്ല. ഈ കാര്യത്തെ സൂചിപ്പിച്ചു കൊണ്ട് അല്ലാഹു പറയുന്നു: ***ലൻ യനാലല്ലാഹ ലുഹൂമുഹാ വലാ ദിമാഉഹാ വലാക്കിൻ യ്യനാലുഹുത്തഖ്‌വാ മിൻകും.*** അതായത് നിങ്ങളുടെ ബലികളുടെ മാംസമോ രക്തമോ എന്നിലേക്കെത്തുന്നില്ല. മറിച്ച് ആ ത്യാഗം മാത്രമാണ് എന്റെയടുത്തു വരുന്നത്. അതിനാൽ നിങ്ങളെന്നെ ഭയപ്പെടുക. എന്നോടുള്ള ഭക്തി സ്വായത്തമാക്കുകയും ചെയ്യുക. *(ലക്ചർ ലാഹോർ, റൂഹാനീഖസാഇൻ വാള്യം 20, പേജ് 151-152)*

അതുകൊണ്ട് തഖ്‌വയുടെ ഈ നിലവാരമാണ് അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്നത്. അതാണ് അല്ലാഹുവിന്റെ റസൂൽ നമ്മളിൽനിന്ന് ആഗ്രഹിക്കുന്നത്. അതാണ് കാലഘട്ടത്തിന്റെ ഇമാം നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത്. അതെക്കുറിച്ച് കൂടെക്കൂടെ വിശുദ്ധ ഖുർആനിൽ ഉപദേശിച്ചിരിക്കുന്നു. അത് സ്വായത്തമാക്കുന്നതിനുവേണ്ടി റമളാൻ മാസത്തിൽ നോമ്പുകൾ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഈ ചിന്തയോടുകൂടി പരിശ്രമിക്കുന്നവൻ സൗഭാഗ്യവാനാകുന്നു. ഈ തഖ്‌വ (അല്ലാഹുവിനോടു തോന്നുന്ന ആദരയുക്തമായഭയം) സ്വായത്തമാക്കുന്നതിനുവേണ്ടി റമളാനിലെ ബാക്കി നോമ്പുകൾ നമ്മൾ പിടിക്കേണ്ടതാണ്. കഴിഞ്ഞുപോയ ദിനങ്ങൾ അത്തരത്തിലാകാൻ അല്ലാഹു ഇടവരുത്തുമാറാകട്ടെ. നമ്മൾ നമ്മുടെ ഓരോ വാക്കും പ്രവൃത്തി


ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN

CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.' *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*


ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

യും അല്ലാഹുവിന്റെ തൃപ്തിക്കനുസൃതമായി മാറ്റേണ്ടതാണ്.

ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വന്നുപറഞ്ഞു, 'താങ്കൾ 'മസീഹ് മൗഊദ്' ആണെന്ന് വാദിക്കുന്നുവെന്നാണ് ജനങ്ങൾ ആക്ഷേപിക്കുന്നത്. താങ്കൾ സയ്യിദ് അല്ല. സയ്യിദായ ഒരാൾ ഉമ്മത്തിയായ ഒരാൾക്കെങ്ങനെയാണ് ബയ്അത്തു ചെയ്യുക.' ചില സയ്യിദുമാർ, സയ്യിദുമാർക്ക് ഉന്നത സ്ഥാനം നൽകുന്നവർ ഇപ്പോഴും ഈ ആക്ഷേപം ഉന്നയിക്കുന്നുണ്ട്. അതായത് സയ്യിദുമാർക്ക് അനിതരസാധാരണമായ സ്ഥാനമാണുള്ളതെന്നിരിക്കെ അവർ എങ്ങനെയാണ് സയ്യിദ് അല്ലാത്തവർക്ക് ബയ്അത്ത് ചെയ്യുക? അതുപോലെതന്നെ ഇപ്പോൾ ചില അറബികൾക്കിടയിലുണ്ടാകുന്ന ധാരണ മസീഹ് മൗഊദ് വരുകയാണെങ്കിൽ അറബികളിൽനിന്ന് വരണമെന്നാണ്. അനറബികളിൽനിന്ന് വന്നയാളെ തങ്ങൾ എങ്ങനെയാണ് അംഗീകരിക്കുക! ഖുർആൻ വായിക്കുന്നുവെങ്കിലും അവർ ചിന്തിക്കുന്നില്ല. ഇതിനുള്ള മറുപടി അതിൽ നേരത്തെ തന്നെയുണ്ട്. താനാണ് ഈ സ്ഥാനം കൊടുക്കുന്നതെന്ന് അല്ലാഹു പറയുന്നു. ഈ സ്ഥാനം ദാസന്മാരല്ല വിതരണം ചെയ്യുന്നത്. ഏതായിരുന്നാലും ആ മഹാത്മാവ് പറയുന്നു: അല്ലാഹു കേവലം ശരീരത്തേയോ സമൂഹത്തേയോ തൃപ്തിപ്പെടുന്നില്ല. അവന്റെ ശ്രദ്ധ ഏതുസമയത്തും തഖ്വയിലാണ്. ***ഇന്ന അക്റമക്കും യിൻദല്ലാഹി അത്ഖാക്കും***(49:14) തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. ഞാൻ സയ്യിദാണ്, മുഗളനാണ്, പത്താനാണ് ശെയ്ഖാണ് തുടങ്ങിയ കാര്യങ്ങളെല്ലാം തികച്ചും കളവാകുന്നു. വലിയ ഗോത്രമാണെന്നതിൽ അഭിമാനിക്കുകയാണെങ്കിൽ ആ അഭിമാനം വ്യർഥമാകുന്നു. മരണത്തിനുശേഷം എല്ലാ ഗോത്രങ്ങളും ഇല്ലാതാകുന്നു. അല്ലാഹുവിന്റെ പക്കൽ കുലമഹിമക്ക് ഒരു പ്രശസ്തിയുമില്ല. ഒരാളുംതന്നെ ഉന്നത കുലജാതനായതുകൊണ്ട് മോക്ഷം പ്രാപിക്കുന്നതല്ല. നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയോടു പറയുന്നു. 'മോളേ ഫാത്വിമാ! നീ പ്രവാചക പുത്രിയാണെന്നതിൽ അഹങ്കരിക്കേണ്ടതില്ല. അല്ലാഹുവിന്റെ പക്കൽ ഗോത്രത്തിനു പ്രസക്തിയില്ല.' അതുകൊണ്ട് ഹദ്റത്ത് ഫാത്വിമക്ക് ഇതാണ് കല്പനയെങ്കിൽ അവരോട് അങ്ങനെയാണ് പറഞ്ഞതെങ്കിൽ പിന്നെയാരാണ് ബാക്കിയുള്ളത്? അവിടന്ന് പറയുന്നു: അവിടെ കിട്ടുന്ന സ്ഥാനങ്ങൾ തഖ്വക്ക് അനുസൃതമായാണ് കിട്ടുക. ഈ സമൂഹങ്ങളും ഗോത്രങ്ങളും ലോകത്ത് തിരിച്ചറിയുന്നതിനും സംവിധാനത്തിനുമുള്ളതാകുന്നു. അല്ലാഹുവുമായി അവക്ക് ഒരു ബന്ധവുമില്ല.

അല്ലാഹുവിനോടുള്ള സ്നേഹം തഖ്വയിൽ നിന്നാണ് ഉടലെടുക്കുന്നത്. തഖ്വ തന്നെയാണ് ഉന്നത സ്ഥാനത്തിന് കാരണമാകുന്നത്. ഒരാൾ സയ്യിദായിരിക്കെ ക്രിസ്ത്യാനിയാകുകയും നബി(സ)തിരുമേനിയെ ശകാരിക്കുകയും ദൈവിക കല്പനകളെഅവമതിക്കുകയുമാണെങ്കിൽഅല്ലാഹു അയാൾക്ക് നബി(സ)തിരുമേനിയുടെ കുടുംബമാണെന്ന കാരണത്താൽ മോക്ഷം നൽകുമെന്നും അയാൾ സ്വർഗത്തിൽ പോകുമെന്നും ആരെങ്കിലും പറയുമോ? ***ഇന്നദ്ദീന യിൻദല്ലാഹിൽ ഇസ്ലാം.*** അല്ലാഹുവിന്റെ പക്കൽ മോക്ഷത്തിന് കാരണമായ സത്യദീൻ ഇസ്ലാമാകുന്നു. ആരെങ്കിലും ക്രിസ്ത്യാനിയോ യഹൂദിയോ ആര്യനോ ആകുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ പക്കൽ അന്തസ്സിന് അർഹനല്ല. അല്ലാഹു ജാതികളെയും ഗോത്രങ്ങളെയും ഇല്ലാതാക്കിയിരിക്കുന്നു. ലോകത്തിന്റെ സംവിധാനത്തിനും പരസ്പരം അറിയുന്നതിനും വേണ്ടി ഗോത്രങ്ങളുണ്ട്. പക്ഷേ, നാം കൂലങ്കഷമായി ചിന്തിച്ചപ്പോൾ മനസ്സിലായത്, അല്ലാഹുവിന്റെ പക്കൽ സ്ഥാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള യഥാർഥ കാരണം തഖ്വ തന്നെയാണെന്നാണ്. മുത്തഖിയായ വ്യക്തി സ്വർഗത്തിൽ പോകുന്നതാണ്. അല്ലാഹു അവനു വേണ്ടി അത് തീരുമാനിച്ചിരിക്കുന്നു. അല്ലാഹുവിന്റെ പക്കൽ ആദരണീയ വ്യക്തി മുത്തഖി തന്നെയാകുന്നു.

തുടർന്ന് പറയുന്നു: ***ഇന്നമാ യത്തഖബ്ബലുല്ലാഹു മിനൽ മുത്തഖീൻ.***(5:28) മുത്തഖീങ്ങളുടെ കർമങ്ങളും പ്രാർഥനകളുമാണ് സ്വീകരിക്കപ്പെടുന്നത്. ഇവിടെ **'മിനസ്സയ്യിദീൻ'** സയ്യിദീങ്ങളിൽപ്പെട്ടവർ എന്നല്ല പറഞ്ഞത്.വീണ്ടും മുത്തഖീങ്ങളെ കുറിച്ച് പറയുന്നു. ***മൻ യത്തഖില്ലാഹ യജ്അല്ലഹു മഖ്റജൻ വ യർസുഖ്ഹു മിൻ ഹയ്ഥു ലാ യഹ്തസിബ്.***(65:3-4) അതായത് മുത്തഖിക്ക് ഓരോ പ്രയാസത്തിൽ നിന്നു മോക്ഷം ലഭിക്കുന്നു. അയാൾക്ക് അയാൾ ചിന്തിക്കുക കൂടി ചെയ്യാത്ത ഇടങ്ങളിൽനിന്ന് ഉപജീവനവും ലഭിക്കുന്നു. ഈ വാഗ്ദാനം സയ്യിദുമാരോടാണോ? അതോ മുത്തഖീങ്ങളോടാണോ? തുടർന്ന് പറയുന്നു: മുത്തഖീങ്ങൾത്തന്നെയാണ് അല്ലാഹുവിന്റെ സുഹൃത്തുക്കളായിട്ടുള്ളവർ. ഈ വാഗ്ദാനവും 'സയ്യിദ്' മാരോടല്ല ചെയ്യുന്നത്. ദൈവിക സൗഹൃദത്തേക്കാൾ വലിയ എന്ത് സ്ഥാനമാണുള്ളത്? അതും മുത്തഖിക്കുതന്നെയാണ് കിട്ടുന്നത്. ചിലർ നുബുവ്വത്തിനേക്കാൾ ശ്രേഷ്ഠമാണ് വിലായത്ത് എന്നു പറയുന്നു. അതായത് നബിയുടെ വിലായത്ത് അദ്ദേഹത്തിന്റെ നുബുവ്വത്തിനേക്കാളും മേലെയാകുന്നു. വാസ്തവത്തിൽ നബിയുടെ അസ്തിത്വം നുബുവ്വത്തും വിലായത്തും ചേർന്നതാണ്. നുബുവ്വത്തു മുഖേന സൃഷ്ടികൾക്ക് കല്പനകളും ശരീഅത്തും നൽകപ്പെടുന്നു. വിലായത്ത് അല്ലാഹുവുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തെ സ്ഥാപിക്കുന്നു.

വീണ്ടും പറയുന്നു: ***'ദാലിക്കൽ കിത്താബു ലാ റയ്ബ ഫീഹി ഹുദൻല്ലിൽ മുത്തഖീൻ. 'ഹുദൻല്ലിൽ സയ്യിദീൻ'*** എന്നല്ല പറഞ്ഞത്. ചുരുക്കത്തിൽ അല്ലാഹു തഖ്വയാണ് ആഗ്രഹിക്കുന്നത്. 'സയ്യിദ്' ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. കാരണം അവർ മുത്തഖീങ്ങളുടെ സന്തതികളാ കുന്നു. തഖ്വ സ്വായത്തമാക്കാൻ ശ്രമിക്കേണ്ടത് അവരുടെ കടമയാണ്. അല്ലാതെ 'സയ്യിദ്' ആയതുകൊണ്ട് അവർക്കൊരു സ്ഥാനവും നൽകുന്നതല്ല. അതുകൊണ്ടു പറയുന്നു, അവരുടെ കർത്തവ്യം ഏറ്റവുമാദ്യം മുന്നോട്ട് വരുക എന്നുള്ളതാണ്. അല്ലാതെ സാദാത്തിന്റെ അവകാശമാണെന്ന് പറഞ്ഞ് അല്ലാഹുവിനോട് തർക്കിക്കുകയല്ല വേണ്ടത്. അവൻ ഇഷ്ടമുള്ളവർക്ക് നൽകുന്നു. ***ദാലിക്ക ഫള്ലുല്ലാഹി യുഅ്ത്തീഹി മൻയ്യശാഉ വല്ലാഹു ദുൽഫള്ലിൽഅളീം***(62:5) ബനീ ഇസ്മാഈലിന് എന്തുകൊണ്ട് നുബുവ്വത്തുകിട്ടി എന്ന് യഹൂദികൾ ചോദിക്കുന്നതുപോലെയാണിത്. ***തിൽക്ക അയ്യാമു നുദാവിലുഹാ ബയ്നന്നാസി*** അവർ അറിയുന്നില്ല. അല്ലാഹുവിനോട് ശണ്ഠ കൂടുന്നവൻ തിരസ്കൃതനാകുന്നു. ഈ ആയത്തിന്റെ അർഥം ഇപ്രകാരമാണ്, 'ഈ ദിനങ്ങളെ നാം ജനങ്ങൾക്കിടയിൽ മാറ്റിമറിച്ചു കൊണ്ടിരിക്കുന്നു.' അതിനാൽ ഇത് അല്ലാഹുവിന്റെ തീരുമാനമാകുന്നു. ആ മഹാത്മാവ് പറയുന്നു: 'അല്ലാഹുവുമായി ശണ്ഠ കൂടുന്നവൻ തിരസ്കൃതനാണ്. അവൻ ഓരോരുത്തരോടും ചോദിക്കുന്നതായിരിക്കും. പക്ഷേ, അവനെ ചോദ്യം ചെയ്യാൻ ആർക്കും സാധ്യമല്ല. *(മൽഫൂദാത്ത് വാല്യം 3, പേജ് 343-345, 1984 പതിപ്പ്)*

തന്റെ വാദങ്ങളെ സംബന്ധിച്ച ആരോപണങ്ങൾക്കു മറുപടി നൽകികൊണ്ടു അദ്ദേഹം പറയുന്നു: 'നബി(സ)തിരുമേനി ആഗതരായി വാദങ്ങളുന്നയിച്ച സമയത്തും ജനങ്ങളുടെ വീക്ഷണത്തിൽ മുത്തഖീങ്ങളും വിശുദ്ധരുമായ യഹൂദി പണ്ഡിതന്മാരുണ്ടായിരുന്നു. പക്ഷേ, അവർ അല്ലാഹുവിന്റെ പക്കലും മുത്തഖീങ്ങൾ ആകണമെന്നില്ല. അല്ലാഹു പറയുന്ന മുത്തഖീങ്ങൾ അവന്റെ പക്കൽ തഖ്വയും ആത്മാർഥതയുമുള്ളവരാണ്. ജനങ്ങൾ നബി(സ)തിരുമേനിയുടെ വാദങ്ങൾ കേട്ടുതുടങ്ങിയപ്പോൾ ജനങ്ങൾക്കിടയിൽ അവർക്കുണ്ടായിരുന്ന സ്ഥാനത്തിന് വ്യത്യാസം വരുന്നത് കണ്ടപ്പോൾ അവർ നിഷേധിച്ചു. സത്യം സ്വീകരിക്കുന്നത് ഇഷ്ടപ്പെട്ടില്ല. നോക്കുക! ജനങ്ങളുടെ വീക്ഷണത്തിൽ അവരും മുത്തഖീങ്ങളായിരുന്നു. പക്ഷേ, അവർ യഥാർഥ മുത്തഖീങ്ങളായിരുന്നില്ല. യഥാർഥ മുത്തഖിയായ വ്യക്തി അയാളുടെ അന്തസ്സ് നഷ്ടപെടുകയാണെങ്കിലും ആയിരക്കണക്കിന് നിന്ദ്യത വന്നാലും ജീവൻ നഷ്ടപ്പെടുന്ന ദുഷ്കരാവസ്ഥയാണെങ്കിലും പട്ടിണി കിടക്കേണ്ടി വന്നാലും അല്ലാഹുവിനെ മാത്രം ഭയപ്പെട്ടുകൊണ്ട് ഈ എല്ലാ നഷ്ടങ്ങളും സ്വീകരിക്കാൻ തയ്യാറാകുന്നതായിരിക്കും. പക്ഷേ, ഒരിക്കലും സത്യത്തെ മറച്ചു വെക്കുന്നതല്ല. ഇന്ന്

മൗലവിമാർ കോടതികളിൽ മുത്തഖിക്ക് നൽകുന്ന നിർവചനം ഒരിക്കലും ശരിയല്ല. അതായത് വായ്കൊണ്ട് അംഗീകരിക്കുകയും കർമപരമായി ചെയ്താലുമില്ലെങ്കിലും കളവു പറഞ്ഞാലും മോഷണം നടത്തിയാലും എല്ലാം മുത്തഖിയാണത്രെ! അതായത് കേവലം മുസ്‌ലിം എന്ന് പറയപ്പെടുന്നത് തഖ്‌വയല്ല. തഖ്‌വക്കും നിരവധി സ്ഥാനങ്ങളുണ്ട്. അത് പൂർത്തിയാകുന്നതുവരെ മനുഷ്യൻ ശരിയായ മുത്തഖി ആകുന്നില്ല. പൂർണമായും തുലനം ചെയ്യപ്പെടുന്നതേ ഉപകാരപ്പെടുകയുള്ളു. അതായത് ഒരു വ്യക്തിക്ക് വിശപ്പും ദാഹവുമുണ്ടാകുമ്പോൾ റൊട്ടിയുടെ ഒരു കഷണമോ ഒരു തുള്ളി വെള്ളമോ കൊണ്ട് അയാൾക്ക് തൃപ്തിയാകുന്നതല്ല. മൗലവിമാർ തങ്ങളുടെ അറിവ് വെളിപ്പെടുത്താൻ ശ്രമിക്കുകയാണ്. ഇതവരുടെ തഖ്‌വയല്ല. തഖ്‌വ ഉണ്ടാകുന്നത് കർമങ്ങളിൽ നിന്നാണ്. ആരെയെങ്കിലും മൗലവി എന്ന് പറയുന്നതു കൊണ്ടോ വലിയ ആലിമായി തീരുന്നതുകൊണ്ടോ തഖ്‌വ ഉണ്ടാകുന്നതല്ല. അദ്ദേഹം പറയുന്നു: 'ഒരാൾക്ക് വിശപ്പും ദാഹവുമുണ്ടാകുമ്പോൾ റൊട്ടിയുടെ ഒരു കഷണമോ ഒരു തുള്ളി വെള്ളമോ അയാളുടെ വിശപ്പും ദാഹവും അകറ്റുകയില്ല. ശരിയായ രീതിയിൽ വെള്ളവും ഭക്ഷണവും കിട്ടാത്തിടത്തോളം അയാളുടെ ജീവൻ രക്ഷിക്കാൻ സാധ്യമല്ല. ഇതാണ് തഖ്‌വയുടെ അവസ്ഥ. മനുഷ്യൻ പൂർണമായ രീതിയിൽ ഒരു വശത്ത് ഇതു സ്വായത്തമാക്കാത്തിടത്തോളംകാലം അയാൾക്ക് മുത്തഖിയാകാൻ സാധ്യമല്ല. അല്ലെങ്കിൽ ഒരു കാഫിറിനെപോലും നമുക്ക് മുത്തഖി എന്ന് പറയാൻ കഴിയും. കാരണം തഖ്‌വയുടെ ഏതെങ്കിലുമൊരു ഭാഗം തീർച്ചയായും അയാളിലുണ്ടായിരിക്കും. എന്തെങ്കിലുമൊക്കെ നന്മ അയാൾ ചെയ്യുന്നുണ്ടാകും. അതുകൊണ്ടു അയാൾ മുത്തഖി ആകുന്നില്ല. അല്ലാഹു വെറും അന്ധകാരത്തിൽ ആരെയും സൃഷ്ടിച്ചിട്ടില്ല. എല്ലാ തിന്മകളും ഒരാളിൽ സ്വരുക്കൂട്ടിയിട്ടുമില്ല. നന്മകളുമുണ്ടായിരിക്കും. എന്നാൽ, തഖ്‌വയുടെ ഈ അളവ് ഒരു കാഫിറിന്റെ ഉള്ളിലു ണ്ടെങ്കിൽ അതയാൾക്ക് ഒരു പ്രയോജനവും നൽകുന്നതല്ല. ഹൃദയം പ്രകാശമാകുന്ന രീതിയിൽ ധാരാളമായി അതുണ്ടാകേണ്ടതാണ്. നേരത്തെ പറഞ്ഞതുപോലെ അയാൾ, അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നവനും ദാസന്മാരോടുള്ള കടമകൾ പൂർത്തിയാക്കുന്നവനുമാകണം. എല്ലാത്തരം നന്മകളും അയാളിലുണ്ടാകണം. ആ മഹാത്മാവ് പറയുന്നു: 'അല്ലാഹു തൃപ്തനാകണം, തിന്മയിൽനിന്നെല്ലാം മനുഷ്യൻ വിട്ടുനിൽക്കണം. തങ്ങൾ നോമ്പു നോക്കുന്നില്ലേ, നമസ്കരിക്കുന്നില്ലേ എന്നെല്ലാം നിരവധി മുസ്‌ലിമീങ്ങൾ ഇങ്ങനെ പറയാറുണ്ട്. പക്ഷേ, ഈ കാര്യങ്ങൾ കൊണ്ട് അയാൾ മുത്തഖിയാകാൻ തരമില്ല. തഖ്‌വ വേറെ തന്നെ ഒരു കാര്യമാകുന്നു. മനുഷ്യൻ ഏതുവരെ അല്ലാഹുവിനെ മുന്തിക്കുന്നില്ലയോ, എല്ലാ ബന്ധങ്ങളെക്കാളും അതു സാഹോദര്യ ബന്ധമാകട്ടെ, സാമൂഹിക ബന്ധമാകട്ടെ, സുഹൃത് ബന്ധമാകട്ടെ, നാട്ടിലെ പ്രമാണികളുമായുള്ള ബന്ധമാകട്ടെ, അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടു അതിനെ മുറിയ്ക്കുകയും അല്ലാഹുവിനുവേണ്ടി എല്ലാ നിന്ദ്യതയും സഹിക്കുകയും ചെയ്യാൻ തയാറാകുന്നില്ലയോ അതുവരെ അയാൾ മുത്തഖിയല്ല. വിശുദ്ധ ഖുർആനിൽ മുത്തഖീങ്ങളോടുള്ള വലിയ വലിയ വാഗ്ദാനങ്ങളുണ്ട്. അവിടെ പറയുന്ന മുത്തഖീങ്ങൾ തഖ്‌വയെ തങ്ങളുടെ കഴിവിന്റെ പരമാവധി പൂർത്തിയാക്കിയവരാണ്. മാനുഷികമായ ശക്തികൾ അവരിലുണ്ടായിരുന്നിടത്തോളം അവർ തഖ്‌വയിൽ അടിയുറച്ചുനിന്നു. പിന്നീട് അവരുടെ കഴിവുകൾക്ക് ഇടിവുസംഭവിച്ചപ്പോൾ അവർ അല്ലാഹുവിനോടു കൂടുതൽ കഴിവുകൾ തേടിക്കൊണ്ടിരുന്നു. അതായത് ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തയീൻ എന്നതിൽനിന്ന് വ്യക്തമാകുന്നതുപോലെ. ഇയ്യാക്ക നഅ്ബുദു ഞങ്ങൾ ഞങ്ങളുടെ കഴിവനുസരിച്ച് പ്രവൃത്തിച്ചു. ഒന്നും ഞങ്ങൾ ഒഴിവാക്കിയിട്ടില്ല. ഇയ്യാക്ക നസ്തഈൻ മുന്നോട്ട് നീങ്ങുന്നതിനുള്ള പുതിയ ശക്തികൾ ഞങ്ങൾ നിന്നോട് തേടുകയാണ്. ഹാഫിള് എന്ന കവി പറഞ്ഞതുപോലെ

**മാ ബിദാൻ മൻസിലെ ആലീ**
**നതവാ നീം രസീദ്**

**ഹാ അഗർ ലുത്ഫെ ശുമാ പേശ്**
**നഹദ് ഗാമെ ചൻദ്**

അല്ലാഹു സ്വയം അവന്റെ ദാക്ഷിണ്യം കൊണ്ട് കുറച്ചുചുവചുകൾ മുന്നോട്ടു വരാതെ നമുക്ക് ആ അത്യുന്നതമായ ഡർബാർവരെ എത്താൻ സാധിക്കുകയില്ല.

അതിനാൽ നല്ലപോലെ ഓർക്കുക. അല്ലാഹുവിന്റെ പക്കൽ മുത്തഖിയാകുക എന്നത് തികച്ചും മറ്റൊരു കാര്യമാകുന്നു. മനുഷ്യരുടെ പക്കൽ മുത്തഖിയാകുക എന്നത് മറ്റൊരു സംഗതി ആകുന്നു. മസീഹ്(അ)ന്റെ കാലഘട്ടത്തിൽ എതിരാളികൾ സംഘങ്ങളായി ചേർന്നതിന്റെ കരണവും ഇതു തന്നെയാകുന്നു. അവർ സാധാരണ യഹൂദികളുടെ പക്കൽ സുസമ്മതരായിരുന്നു. മുത്തഖീങ്ങളാണെന്ന് അംഗീകരിക്കപ്പെട്ടവരായിരുന്നു. അവർ നിഷേധികളായിരുന്നു. അവർ നിഷേധികളല്ലായിരുന്നുവെങ്കിൽ സംഘങ്ങളായി പിരിഞ്ഞുപോകില്ലായിരുന്നു. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലും ഇതു തന്നെയായിരുന്നു അവസ്ഥ. മിഥ്യാഭിമാനം, പിശുക്ക്, പ്രദർശനപരത, അന്തസ്സ് സംരക്ഷിക്കുക മുതലായ കാര്യങ്ങളായിരുന്നു അവരെ സത്യം സ്വീകരിക്കുന്നതിൽനിന്ന് തടഞ്ഞു വെച്ചത്. ചുരുക്കത്തിൽ തഖ്‌വ പ്രയാസകരമായ കാര്യമാകുന്നു. അത് അല്ലാഹു നൽകുമ്പോൾ അതിന്റെ അടയാളങ്ങളും കൂടെയുണ്ടാകുന്നു. യാഥാർഥ്യമെന്തെന്നാൽ, സത്യം വെളിപ്പെടുമ്പോൾ അതിനെ അനാവശ്യമായി നിരാകരിക്കുകയും ബൗദ്ധികമായും പ്രമാണപരമായും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ എങ്ങനെയാണ് മുത്തഖിയാകുക? വാസ്തവമെന്തെന്നാൽ സത്യം വെളിപ്പെടുമ്പോൾ നിരർഥമായി നിഷേധിക്കുകയും ബൗദ്ധികവും പ്രമാണപരവുമായ തെളിവുകൾ മുഖേന അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ ഒഴിവാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ ഒരിക്കലും മുത്തഖിയാകാൻ നിവൃത്തിയില്ല. മുത്തഖി ഏതു സമയത്തും സ്വീകരിക്കാൻ വെമ്പൽ കൊള്ളുന്നവനായിരിക്കണം.''

തന്റെ ആഗമനത്തെ കുറിച്ച് പരാമർശിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ലോകത്തെപ്പോഴെങ്കിലും ഏതെങ്കിലുമൊരാൾ 24 വർഷം തുടർച്ചയായി പദ്ധതികളാവിഷ്കരിക്കുകയും നേരം വെളുക്കുമ്പോൾ അതെല്ലാം അല്ലാഹുവിൽനിന്ന് തനിക്ക് ഇൽഹാമും വഹിയും ഉണ്ടായതാണെന്ന് പറയുകയും ചെയ്തയാളെ അല്ലാഹു പിടികൂടാതിരുന്നിട്ടുണ്ടോ? ഇങ്ങനെയായാൽ ലോകത്ത് അന്ധകാരം വ്യാപിക്കുകയും ജനങ്ങൾ നാശമടയുകയും ചെയ്യുന്നതാണ്. മുത്തഖിയായ വ്യക്തി ഒരു കാര്യത്തിൽനിന്നുതന്നെ പ്രയോജനമുൾക്കൊള്ളുന്നതാണ്. ഇവിടെ ആയിരക്കണക്കിന് കാര്യങ്ങളാണുള്ളത്. കാലഘട്ടം വിളിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. ഹദീഥുകൾ ***'മിൻകും മിൻകും'***(നിങ്ങളിൽ നിന്ന്) എന്ന് പറയുന്നു. സൂറ നൂറിലും ***'മിൻകും'*** എന്ന് വന്നിട്ടുണ്ട്. ജനങ്ങൾ മാനസിക സംഘർഷത്തിലും മൃഗങ്ങളെപോലെയും ജീവിച്ചുകൊണ്ട് വിളിച്ചുകൂവുകയും ചെയ്യുന്നു. നൂറ്റാണ്ടിന്റെ തലക്കൽ മുജദ്ദിദ് വരുമെന്ന് പറയുന്നു. ഇപ്പോൾ 22 വർഷം കഴിഞ്ഞിരിക്കുന്നു; അദ്ദേഹം ഇതെഴുതുന്ന കാലഘട്ടത്തിൽ സൂര്യചന്ദ്ര ഗ്രഹണങ്ങളുമുണ്ടായി. പ്ലേഗും വന്നു. ഹജ്ജ് നിറുത്തലാക്കപ്പെട്ടു. ഈ കാര്യങ്ങളെല്ലാമുണ്ടായിട്ടും ജനങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ അവർക്കുള്ളിൽ തഖ്‌വയുണ്ടെന്ന് നമുക്കെങ്ങനെയാണ് മനസ്സിലാകുക. മുത്തഖിയാണെന്നും നന്മയുള്ളവരാണെന്നും പറയുന്ന അന്യർക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)നുമേൽ കുഫ്ർ ഫത്‌വ നല്കുന്നവർക്കും ജനങ്ങളെ വഴി തെറ്റിച്ച് അവരെ നശിപ്പിക്കുന്നവർക്കുമുള്ള മറുപടിയാണിത്.

അവിടന്ന് പറയുന്നു: 'നാം കൂടെക്കൂടെ പറഞ്ഞു കൊണ്ടിരിക്കുകയാണ്. നിങ്ങൾ വരുവിൻ ഏതെല്ലാം കാര്യങ്ങൾ സംബന്ധിച്ചാണ് നിങ്ങൾക്ക് ചോദിക്കാനുള്ളത് ചോദിച്ചു കൊള്ളുവിൻ! പക്ഷേ, ഖുർആൻ ഒന്നു പറയുകയും നിങ്ങൾ മറ്റൊന്നു പറയുകയും ചെയ്യാൻ പാടില്ല. അതിനെതിരായിട്ടുള്ള വാക്കുകൾ സമർപ്പിക്കരുത്. നിങ്ങൾ മസീഹ് സ്ഥൂലശരീരത്തോടെ ആകാശത്തുനിന്ന് ഇറങ്ങുമെന്ന് വിശ്വസിക്കുന്നു. വാസ്തവത്തിൽ അത് ശരിയാകണമെങ്കിൽ ആദ്യം ആരോഹണമുണ്ടായിട്ടുണ്ടാകണം. ഖുർആൻ മസീഹിന്റെ മരണത്തെ കുറിച്ചു പറയുന്നു. ഇവർ

പറയുന്നു മേൽക്കൂര പൊളിച്ച് ആകാശത്ത് പോയെന്ന്. ദൃഢജ്ഞാനത്തെ ഉപേക്ഷിച്ച ഊഹാപോഹങ്ങളെ പിൻപറ്റുന്നതിന്റെ പേരാണോ തഖ്‌വ?. സത്യസന്ധമായ തഖ്‌വ ഖുർആനിൽ നിന്നാണ് കിട്ടുന്നത്. തഖ്‌വയുള്ളവർ എന്തെല്ലാമാണ് ചെയ്തതെന്ന് നോക്കുക.' *(മൽഫൂദാത്ത് വാല്യം 7, പേജ് 73-76, 1984 പതിപ്പ്)*

തഖ്‌വയെ ഉദ്ധരിച്ച് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: തഖ്‌വയുള്ളവർ അല്ലാഹുവിന്റെ ജ്യോതിസ്സിലാണുള്ളത്. അവർ ദൈവിക തണലിലായിരിക്കും. പക്ഷേ, തഖ്‌വ സംശുദ്ധമായിരിക്കണം. അതിൽ ശയ്ത്വാന് ഒരു പങ്കുമുണ്ടാകരുത്. ശിർക്ക് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. കുറച്ചുഭാഗം ശയ്ത്വാന്റേതാണെങ്കിൽ എല്ലാം ശയ്ത്വാന്റേതാണെന്ന് അല്ലാഹു പറയുന്നു. അവിടന്ന് പറയുന്നു: 'നാം നമ്മുടെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട്പറയാനാഗ്രഹിക്കുകയാണ്. ഞങ്ങൾ നമസ്കരിക്കുകയും നോമ്പു പിടിക്കുകയും ചെയ്യുന്നു, വ്യഭിചാരം മോഷണം തുടങ്ങിയവപോലുള്ള വലിയ വലിയ തിന്മകൾ ചെയ്യുന്നില്ല എന്നതിൽ അഹങ്കരിക്കരുത്. ഈ നന്മകളിൽ അന്യ സമുദായക്കാരും മുശ്‌രിക്കീങ്ങളായ ആളുകളും നിങ്ങളോടൊപ്പം പങ്കാളികളാണ്. അതായത് അവരും ഈ കാര്യങ്ങളൊന്നും ചെയ്യുന്നില്ല. തഖ്‌വയുടെ വിഷയം അതിസൂക്ഷ്മമാകുന്നു. അത് സ്വായത്തമാക്കുക. ദൈവികമായ മഹത്ത്വത്തെ ഹൃദയത്തിൽ കുടിയിരുത്തുക. പ്രദർശനപരതയുള്ള കർമങ്ങൾ അല്പമാണെങ്കിലും അല്ലാഹു ആ കർമത്തെ തിരിച്ച് അവന്റെ മുഖത്തേക്കുതന്നെ എറിയുന്നതാണ്, കാണിച്ചു കൂട്ടുന്നതിന് വേണ്ടിയുള്ള കർമങ്ങളാകരുത്. മുത്തഖി ആകുന്നത് പ്രയാസകരമാണ്. ഉദാഹരണമായി ആരെങ്കിലും നിന്നോട് നീ പേന മോഷ്ടിച്ചിരിക്കുന്നുവെന്ന് പറയുമ്പോൾ നീ എന്തിനാണ് കോപിക്കുന്നത്? ഒരു ചെറിയ കാര്യമാണ് പറഞ്ഞത്. ആരെങ്കിലും നീ പേന മോഷ്ടിച്ചുവെന്ന് പറയുമ്പോൾ നീ കോപിഷ്ടനാകുകയുയാണെങ്കിൽ അതു തഖ്‌വയുള്ളവരുടെ അടയാളമല്ല. സഹനവും ആത്മവിശ്വാസവും പ്രകടിപ്പിക്കേണ്ടതാണ്.' അവിടന്ന് പറയുന്നു: നിന്റെ ഭയഭക്തി അല്ലാഹുവിനു മാത്രമായിരിക്കണം. അതു കൊണ്ട് കോപാകുലനാകുന്നതിൽ നിന്നു രക്ഷപ്പെടേണ്ടതാണ്. സത്യം മുന്നിൽ ഇല്ലാത്തതു കൊണ്ടാണ് ഈ കോപവും താപവും വന്നത്. ശരിയായ സത്യത്തിലേക്ക് നീ ചുവടുവെക്കുന്നില്ല. മനുഷ്യനുമേൽ നിരവധി മരണങ്ങൾ വരാത്തിടത്തോളം അവനു മുത്തഖിയാകാൻ കഴിയില്ല. മുഅ്ജിസാത്തുകളും ഇൽഹാമുകളും തഖ്‌വയുടെ ഭാഗമാകുന്നു. അടിസ്ഥാനം തഖ്‌വയാണ്. അതുകൊണ്ട് നിങ്ങൾ ഇൽഹാമുകളുടെയും ദർശനങ്ങളുടെയും പിന്നിൽ പോകരുത്. മറിച്ച് തഖ്‌വ സ്വായത്തമാക്കാൻ ശ്രമിക്കുക. അല്ലാതെ ഇന്നയാൾക്ക് ഇൽഹാമുണ്ടായി ഇന്നയാൾക്ക് ദർശനമുണ്ടായി എന്നല്ല. നോക്കുക! തഖ്‌വ എന്താണ്? മുത്തഖിയായ ആളുടെ ഇൽഹാമുകൾ ശരിയായിരിക്കും. മുത്തഖിയല്ലെങ്കിൽ ഇൽഹാമുകളും വിശ്വസനീയമല്ല. അതിൽ ശയ്ത്വാന്റെ ഭാഗവുമുണ്ടാകും. ആരുടേയും തഖ്‌വ അയാൾ 'മുൽഹ'മാണെന്നതിൽ നിന്നല്ല മനസ്സിലാക്കേണ്ടത്. മറിച്ച് അയാളുടെ ഇൽഹാമുകളെ അയാളുടെ തഖ്‌വകൊണ്ട് അളക്കുകയും കണക്കാക്കുകയുമാണ് വേണ്ടത്. എല്ലാ ഭാഗത്തുനിന്നു കണ്ണടച്ചുകൊണ്ട് ആദ്യം തഖ്‌വയുടെ പടവുകൾ കയറുക.' പറയുന്നു: 'ലോകത്തുവന്ന എല്ലാ പ്രവാചകരുടെയും ലക്ഷ്യം തഖ്‌വയുടെ രഹസ്യങ്ങൾ പഠിപ്പിക്കുക എന്നതായിരുന്നു. ***ഇൻ ഔലിയാഅഹു ഇല്ലൽ മുത്തഖൂൻ.*** അതിന്റെ യഥാർഥ രക്ഷാധികാരികൾ ദോഷബാധയെ സൂക്ഷിക്കുന്നവർ മാത്രമാണ്. പക്ഷേ, വിശുദ്ധ ഖുർആൻ തഖ്‌വയുടെ അതിസൂക്ഷ്മമായ വശങ്ങളും പഠിപ്പിച്ചുതന്നു. ഉന്നതനനായ നബി, ഉന്നതമായ സമൂഹത്തെ ഉണ്ടാക്കുന്നു. നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനായിരുന്നു. അതുകൊണ്ടു നബി(സ) തിരുമേനിയിൽ നുബുവ്വത്തിന്റെ ശ്രേഷ്ഠതകൾ പരിപൂർത്തീകരിക്കപ്പെട്ടു. നുബുവ്വത്തിന്റെ ശ്രേഷ്ഠതകൾ പൂർത്തീകരിക്കപ്പെട്ടതോടൊപ്പംതന്നെ നുബുവ്വത്തും സമ്പൂർത്തീകരിക്കപ്പെട്ടു. അല്ലാഹുവിനെ തൃപ്തിപ്പെടുത്താനും മുഅ്ജിസത്തുകൾ കാണാനും അഭൗമികമായ ദൈവിക പ്രവൃത്തികൾ കാണാനും ആഗ്രഹിക്കുന്നവൻ തന്റെ ജീവിതത്തെ അഭൗമികമാക്കി തീർക്കേണ്ടിയിരിക്കുന്നു. നോക്കുക! പരീക്ഷ എഴുതുന്നവൻ കഠിനാധ്വാനംചെയ്ത് പനി പിടിക്കുകയും ക്ഷീണിതനാകുകയും ചെയ്യുന്നു. അതുകൊണ്ട് തഖ്‌വയുടെ പരീക്ഷ പാസാകുന്നതിന് എല്ലാ തരം പ്രയാസങ്ങളും സഹിക്കാൻ തയ്യാറാകുക. മനുഷ്യൻ ഈ മാർഗത്തിൽ ചുവട് വെക്കുമ്പോൾ ശയ്ത്വാൻ അവനുമേൽ വലിയ വലിയ ആക്രമണങ്ങൾ നടത്തുന്നു. എന്നാൽ, ഒരു പരിധിയിലെത്തുമ്പോൾ ശയ്ത്വാൻ അവസാനം നിൽക്കുന്നു. ഈ സമയമെന്ന് പറയുന്നത് മനുഷ്യൻ ഭൗതിക ജീവിതത്തിൽ ഒരു മരണം വരിച്ചുകൊണ്ട് ദൈവിക തണലിൽ വരുന്ന സമയമാകുന്നു. നമ്മുടെ അധ്യാപനങ്ങളുടെ ചുരുക്കത്തിലുള്ള സംക്ഷേപമെന്തെന്നാൽ മനുഷ്യൻ തന്റെ എല്ലാ കഴിവുകളും അല്ലാഹുവിലേക്ക് തിരിക്കണമെന്നതാണ്.'

വ്യത്യസ്ത രീതിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്കു നൽകിയ ഉദ്ധരണികളാണ് ഞാൻ സമർപ്പിച്ചത്. അതിൽ നിന്ന് നമുക്ക് തഖ്‌വയുടെ അർഥവും അതിന്റെ ആഴത്തിലുള്ള അറിവും ലഭിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നമുക്ക് ആ മഹാത്മാവിന്റെ ജമാഅത്തിൽ ഉൾപെട്ടുകൊണ്ട് തഖ്‌വയുടെ യഥാർഥ ആത്മാവ് മനസ്സിലാക്കാനും അതനുസരിച്ച് നീങ്ങാനും കഴിയുമാറാകട്ടെ. റമളാന്റെ ഈ ദിവസങ്ങളിലും ബാക്കിയുള്ള ദിവസങ്ങളിലും തഖ്‌വയുടെ യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുന്നവരാകാൻ കഴിയുന്നിടത്തോളം പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

...☆...☆☆...☆...

പേജ് 6 ൽ നിന്ന്

യി എന്നു മാത്രമല്ല സമൂഹത്തിന്റെ ശ്രേയസ്സിനുവേണ്ടി വളരെ നല്ലൊരു പങ്കാണ് നിർവഹിച്ചു വരുന്നത്.

ശേഷം പാക്കിസ്താനിൽ അഹ്മദികൾക്കുമേൽ നടന്നു വരുന്ന അതിക്രമങ്ങളെ കുറിച്ചും സ്മരിക്കുകയുണ്ടായി

ഹുദൂർ: പാക്കിസ്താനിൽ ഒരു നീണ്ടകാലമായി അഹ്മദികളുടെ ജീവിത സാഹചര്യങ്ങൾ ഒരു പോലെ തന്നെയാണ്. അവിടുത്തെ നിയമം അഹ്മദികൾക്ക് പ്രചാരണ പ്രവർത്തനം നടത്താൻ തടയിടുന്നു എന്നു മാത്രമല്ല, സ്വന്തം മതമനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനേയും തടയുകയാണ്. അസ്സലാമു അലയ്ക്കും എന്നു പറഞ്ഞാലും അല്ലെങ്കിൽ കുട്ടികൾക്ക് ഇസ്‌ലാമികമായ പേരിട്ടാലും നിയമത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ശിക്ഷക്കർഹരാണ്. നിയമം ഇതിനൊന്നും അനുമതി നല്കുന്നില്ല. ഈ നിയമം ശേഷിക്കുന്നതുവരെ സാഹചര്യങ്ങൾ മാറുമെന്ന ഒരു പ്രതീക്ഷയുമില്ല.

പാക്കിസ്താനീ ഭരണകൂടത്തോട് സംയുക്ത തിരഞ്ഞെടുപ്പ് നടത്താൻ ശക്തമായി ആവശ്യപ്പെടണമെന്ന് മാത്രമേ അനുകമ്പ പുലർത്തുന്നവരോട് ഞങ്ങൾക്കു പറയാനുള്ളത്. സംയുക്ത തിരഞ്ഞെടുപ്പ് മതപരമായ ഒരു വിവേചനവും കൂടാതെ നടത്തുക. തങ്ങളുടെ മതങ്ങൾക്കതീതമായി വോട്ടു ചെയ്യാൻ ഓരോരുത്തർക്കും അവകാശം ലഭ്യമാക്കണം. സ്വയം അമുസ്‌ലിം എന്ന് മനസ്സിലാക്കണം എന്നാണ് ആദ്യമേ ഞങ്ങളോടു പറയപ്പെടുന്നത്. തുടർന്ന് അമുസ്‌ലീങ്ങൾക്ക് നീക്കി വെച്ചിട്ടുള്ള സീറ്റുകളിൽ മത്സരിക്കാനും ഞങ്ങളോടു പറയുന്നു. മുസ്‌ലിമീങ്ങളാണെന്നാണ് ഞങ്ങൾ വ്യക്തമാക്കുന്നത്. ഒരു പൗരൻ എന്ന നിലയിൽ വോട്ടു ചെയ്യാനുള്ള അവകാശം ഞങ്ങൾക്ക് ലഭിക്കേണ്ടതാണ്.

തുടർന്ന് മതനിന്ദാ നിയമങ്ങളെ കുറിച്ചും സംഭാഷണം നടന്നു.

ഹുദൂർ: മൗലവിമാരെ ഭയന്ന് പ്രവാചകത്വ നിന്ദാ നിയമത്തെ ഇവർ അവസാനിപ്പിക്കുമെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ, ഒരേയൊരു സാഹചര്യമേ ശേഷിക്കുന്നുള്ളൂ. അത് സംയുക്ത തിരഞ്ഞെടുപ്പാണ്. അതുണ്ടെങ്കിൽ നമുക്ക് പാർലമെന്റിൽ പോകാനും അവിടെ ശബ്ദമുയർത്താനും സാധിക്കും. തന്മൂലം നമുക്ക് ചില അടിസ്ഥാന അവകാശങ്ങൾ തിരിച്ചു ലഭിക്കാൻ തുടങ്ങും. മുമ്പേ പ്രവർത്തിച്ച ഭരണകൂടങ്ങളെ പോലെ തന്നെയാണ് നിലവിലുള്ള സർക്കാരും പ്രവർത്തിച്ചു വരുന്നത്.

എന്തായാലും ശരി, ഞങ്ങൾ സ്വയം ഒരിക്കലും അമുസ്‌ലിമീങ്ങളാണെന്ന് പറയില്ല. കാരണം ഇത് ഞങ്ങളുടെ മനസ്സാക്ഷിക്കും വിശ്വാസത്തിനും എതിരാണ്.

✧ ഫ്രാങ്ക് ഹെയിൻറിച്ച്(Frank Heinrich) എം പി: ഞാനും ജർമൻ ഹ്യൂമൻ റൈറ്റ്സ് കമ്മിറ്റിയുടെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 26 May 2022 Issue-21

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ഭാഗമാണ്. നിങ്ങളോടു ചെയ്യപ്പെടുന്ന അതിക്രമത്തിൽ നമുക്ക് വിഷമമുണ്ടെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. യൂറോപ്പിലെ ഇതര മുസ്‌ലിം വിഭാഗങ്ങളുമായി നിങ്ങളുടെ ബന്ധം എങ്ങെനെയെന്ന് ഞാൻ അറിയാനാഗ്രഹിക്കുന്നു.

ഹുദൂർ: പാശ്ചാത്യ ലോകത്തും അഹ്‌മദിയ്യാ ജമാഅത്തിനെതിരെ ദുഷ്പ്രചാരണം നടത്തി വരുന്നുണ്ട്. ഞങ്ങൾ ഒരു പുതിയ നബിയെ അംഗീകരിക്കുന്നവരാണെന്നും മുഹമ്മദ് നബിയെ ഖാത്തമുന്നബിയ്യീൻ എന്ന് അംഗീകരിക്കുന്നില്ലെന്നും നബി(സ)തിരുമേനിയുടെ നുബുവ്വത്തിന്റെ ഖാത്തമിയ്യത്തിനെ നിഷേധിക്കുന്നുവെന്നുമാണ് എതിരാളികൾ പ്രചരിപ്പിക്കുന്നത്. യഥാർഥത്തിൽ ഇക്കാര്യം ശരിയല്ല. എന്നിട്ടും ഞങ്ങൾ ഖത്തമുന്നബുവ്വത്തിന് എതിരാണെന്നുള്ള പ്രോപ്പഗണ്ട മൗലവിമാർ നമുക്കെതിരെ പ്രയോഗിച്ചു വരുന്നു. പൊതു മുസ്‌ലീമീങ്ങളുടെ മനസ്സുകളെ നമ്മുടെ എതിരാളികൾ ശത്രുപക്ഷത്ത് നിറുത്തുന്നു. എന്നിരുന്നാലും വളരെയധികം മുസ്‌ലിമീങ്ങൾ ഏതുവരെയെന്നാൽ ചില പണ്ഡിതന്മാരും വിവേക ശാലികളും, അഹ്‌മദികളാണ് ശരിയെന്ന് അറിയുന്നവരാണ്. അവർ ഞങ്ങളോടൊപ്പമാണ്. അതു തുറന്നു പറയുകയും ചെയ്യുന്നു. അഹ്‌മദികളുടെമേൽ നടക്കുന്ന ദ്രോഹ പ്രവർത്തനങ്ങളെ നിന്ദിക്കുകയും ചെയ്യുന്നു. എന്നാൽ, പൊതുജനം നമ്മെ എതിർക്കുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ നേരിട്ട് ഞങ്ങളെ എതിർക്കാറില്ല. തങ്ങളുടേതായ രംഗങ്ങളിൽ അവർ എതിർക്കുന്നു, മനസ്സുകളിൽ സൂക്ഷിക്കുന്നു. ഈ പ്രോപ്പഗണ്ട കാരണത്താൽ ഇവിടേയും നമ്മെ കുറിച്ച് ദുരൂഹതകൾ നിലനില്ക്കുന്നുണ്ട്.

ഒമിഡ് നൗർപോർ(Omid Nourpour) ഹുദൂറിനോട് കൂടുതൽ വിശദാംശങ്ങൾ ചോദിച്ചറിഞ്ഞു.

ഹുദൂർ: മുമ്പേയുള്ള കാലങ്ങളിൽ പാക്കിസ്താനിൽ ചില കുടുംബങ്ങൾ അഹ്‌മദികളുമായി വലിയ ചങ്ങാത്തപരമായ അന്തരീക്ഷം പുലർത്തിയിരുന്നു. എന്നാൽ, ശത്രുതാപരമായ പ്രോപഗണ്ട കാരണത്താൽ ഇവരും അകന്നു പോകുകയാണ്.

ഒമിഡ് നൗർപോർ(Omid Nourpour) ഇംറാൻഖാൻ പ്രധാന മന്ത്രിയായതിനു ശേഷം എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ?

ഹുദൂർ: ഈ ചോദ്യത്തിന്റെ മറുപടി നിങ്ങൾക്ക് ഈ സംഭവത്തിൽനിന്നു വ്യക്തമാകും. പാക്കിസ്താനിലെ എക്ണോമിക് അഡ്വൈസറി കമ്മിറ്റി ഇംറാൻ ഖാൻ രൂപീകരിച്ചപ്പോൾ അതിൽ ഒരു അഹ്‌മദിയെ അദ്ദേഹം അംഗമാക്കിയിരുന്നു. മൗലവിമാർ ഒച്ചപ്പാടുണ്ടാക്കിയതിനെ തുടർന്ന് ഇംറാൻ ഖാന് ഈ അഹ്‌മദിയെ ഈ കമ്മിറ്റിയിൽനിന്നു നീക്കേണ്ടി വന്നു. നിലവിലുള്ള ഭരണകൂടവും മുല്ലാക്കളുടെ മുന്നിൽ ദുർബലരാണ്. ഇംറാൻ ഖാൻ വന്നതിനു ശേഷവും അഹ്‌മദികളുടെ അവസ്ഥകളിൽ ഒരു മാറ്റവുമു ണ്ടായിട്ടില്ല. എന്നല്ല, അഹ്‌മദികൾക്കെതിരിൽ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ കേസുകൾ വർധിക്കുന്നു.

പാക്കിസ്താനിൽ പല രാഷ്ട്രീയക്കാരും പറയുന്നത്, മൗലവിമാർ കാരണത്താൽ തങ്ങളുടെ കൈകൾ ബന്ധിതമാണെന്നാണ്. കാരണം മൗലവിമാരുടെ അടുക്കൽ ജനങ്ങളെ തെരുവിൽ കൊണ്ടു വരാനുള്ള ശക്തിയുണ്ടെന്നാണ്.

✧ മെമ്പർ ഓഫ് പാർലമെന്റ് ഫ്രാങ്ക് ഹെയിൻറിച്ച് ഹുദൂറിനോട് ചോദിച്ചു: ബ്രെക്സിറ്റിനു(Brexit) ശേഷം ഹുദൂർ യൂ.കെ. യിൽ താമസിക്കുന്നതിൽ തൃപ്തനാണോ?

ഹുദൂർ: മതപരമായ സ്വാതന്ത്ര്യം എവിടെയാണോ ഉള്ളത് അവിടെ എല്ലാ ജനതകൾക്കും അവരവരുടെ അവകാശങ്ങൾ കിട്ടുന്നുണ്ടാകും. അവിടെ ഞാനും തൃപ്തനാകും.

ഫ്രാങ്ക് ഹെയിൻ റിച്ചിന്റെ മറ്റൊരു ചോദ്യത്തിനും ഹുദൂർ മറുപടി നല്കി: പാക്കിസ്താനിൽ നാൽപ്പത് വർഷത്തിൽ അധികമായി ഞങ്ങൾ അക്രമങ്ങൾക്ക് വിധേയരാണ്. പാക്കിസ്താനിൽ താമസിക്കുന്ന അഹ്‌മദികളും വളരെ നിശബ്ദരായി ഈ വിഷമസന്ധികളെ ക്ഷമിച്ചു വരികയാണ്. ക്ഷമിക്കാൻ സാധിക്കാത്തവർ അവിടെ നിന്നു പലായനം ചെയ്യുകയാണ്. എന്റെ ശ്രദ്ധ ആഗോള തലത്തിലുള്ള അഹ്‌മദികളാണ്. ഭാരിച്ച ബുദ്ധിമുട്ടുകൾ സഹിക്കാൻ സാധിക്കാതെ പാക്കിസ്താനിൽ നിന്നു നേപ്പാൾ, മലേഷ്യ, തായ്‌ലെന്റ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിലേക്ക് വന്നു. ഈ രാജ്യങ്ങളിൽ യൂ എൻ എച്ച് സീ ആർ (UNHCR)ഇവരുടെ കേസുകൾ കേൾക്കുന്നുണ്ട്. ഇവർ യൂറോപ്പിലേക്കും ഇതര രാജ്യങ്ങളിലേക്കും പോകുന്നു. ഞങ്ങളോടുള്ള എതിർപ്പ് കേവലം പാക്കിസ്താനിൽ മാത്രമല്ല, ഉദാഹരണമായി, മലേഷ്യയിലെ ചില സ്റ്റേറ്റുകളിലും ഞങ്ങൾ അമുസ്‌ലിമായാണ് കരുതപ്പെടുന്നത്.

പേജ് 1 ൽ നിന്ന്

കളും ഭാരമേറ്റിക്കൊണ്ടുപോകുന്നതിൽ ഒരുപാടു സഹായിക്കുന്നു. പിന്നീടുള്ളത് ആടുകളും ചെമ്മരിയാടുകളുമാണ്. ചില പർവ്വത രാജ്യങ്ങളിൽ അവയെക്കൊണ്ടും ഭാരം ഏറ്റിക്കാറുണ്ട്. പ്രത്യേകിച്ചും ഉയർന്ന പർവ്വതത്തിലേക്കുള്ള യാത്രയിൽ ഈ മൃഗങ്ങളുടെമേൽ കുറച്ചു കുറച്ചു സാധനങ്ങൾ കയറ്റി മൃഗങ്ങളെ വളർത്തുന്നവർ വാടകയും വാങ്ങുന്നു. ലാഹോൽ മലകളിൽനിന്നു വരുന്നവർ തങ്ങളുടെ പത്തിരുപതു സേർ ഭാരമുള്ളസാധനങ്ങൾ ധാരാളമായി നൂറുക്കണക്കിന് ചെമ്മരിയാടുകളിൽ കയറ്റിക്കൊണ്ടുവരുന്നത് ഞാൻ കാങ്കടയിൽ കണ്ടിട്ടുണ്ട്. അത് മനോഹരമായ കാഴ്ചയാണ്. അതുകൊണ്ടു എല്ലാ കന്നുകാലികളും സാധനങ്ങളേറ്റുന്നതിന് പ്രയോജനപ്പെടുന്നു. അതിനാൽ 'ഉബൂറി'ൽനിന്ന് നിഷ്പന്നമായ 'ഇബ്റത്ത്' എന്ന പദത്തിന്റെ അർഥം യാത്ര എന്നുമുണ്ട്. ആ പദം ഉപയോഗിച്ചുകൊണ്ട് സൂചന നല്കിയിരിക്കുന്നത് യാത്രകളിൽ നിങ്ങൾ മൃഗങ്ങളെ പ്രയോജനപ്പെടുത്തുന്നു. അവ നിങ്ങളേയും നിങ്ങളുടെ സാധനങ്ങളേയും ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നു. എന്നാൽ, അവയിൽനിന്ന് പാഠം സ്വീകരിക്കുന്നില്ല. അതായത് നിങ്ങളുടെ ബുദ്ധികളുടെ യാത്രയിൽ അവയിൽനിന്ന് സഹായമെടുക്കുന്നില്ല. അവയുടെ അവസ്ഥയിൽ ചിന്തിച്ചുകൊണ്ട് ഈ ചർച്ച ചെയ്യപ്പെടുന്ന വിഷയത്തിൽ അജ്ഞതയുടെ രാജ്യത്തുനിന്ന് അറിവിന്റെ രാജ്യത്തേക്ക് യാത്ര ചെയ്യുന്നില്ല......

ഈ ആയത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന ആ 'ഇബ്റത്ത്' അഥവാ പാഠം എന്താണ്? അതു അടുത്ത പദത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അതെന്താണെന്നാൽ കന്നുകാലികൾ പുല്ലും പച്ചിലയുമാണ് കഴിക്കുന്നത്. അതിലൂടെയാണ് ചാണകമുണ്ടാകുന്നത്. പിന്നീട് ചാണകത്തിൽനിന്ന് ഒരു ഭാഗം രക്തമായിത്തീരുന്നു. ആ രക്തത്തിന്റെ ഒരു ഭാഗം പാലായിത്തീരുന്നു. അത് മനുഷ്യൻ രുചിയോടുകൂടി കുടിക്കുന്നു. അത് എത്രമാത്രം പരിശുദ്ധമായിതീരുന്നുവെന്നാൽ അതീവ ശുചിത്വംപാലിക്കുന്ന മനുഷ്യൻപോലും അത് കുടിക്കുന്നതിൽ വെറുപ്പു കാണിക്കുന്നില്ല. വാസ്തവത്തിൽ പാല് ആദ്യം രക്തമായിരുന്നു. ഭക്ഷണംകൊണ്ട് മൃഗങ്ങളുടെ വയറ്റിൽ തയ്യാറാക്കപ്പെടുന്ന ഉച്ഛിഷ്ഠത്തിൽനിന്നാണ് രക്തമുണ്ടാകുന്നത്. അവിടെനിന്ന് കുടലുകളിൽപോയി നേർത്ത ഞരമ്പുകൾമാർഗേണ ഹൃദയത്തിലേക്ക് കൊണ്ടുപോകപ്പെടുന്നു. അവിടെ എത്തിയുടനെ അത് രക്തമായിത്തീരുന്നു. രക്തം അകിടുകളിലെത്തി പാലിന്റെ രൂപം പ്രാപിക്കുന്നു.

ഈ വചനത്തിൽ ആ വിഷയത്തിലേക്ക് സൂചനനല്കപ്പെട്ടിരിക്കുകയാണ്. അതായത് മനുഷ്യൻ ഉപയോഗിക്കാൻ പറ്റാത്ത അതേ വൈക്കോലും ഇലകളും മൃഗത്തിന്റെ വയറ്റിലെത്തി ചാണകമാകുന്നു. അതിൽനിന്ന് രക്തമുണ്ടാകുന്നു. അതിൽനിന്ന് പാല് - ശുദ്ധമായ പാലുണ്ടാകുന്നു. ഒരു അഴുക്കും അതിലുണ്ടാകുകയില്ല. കുടിക്കാൻ രുചികരവുമാണ്. ആ വൈക്കോലിനെ ആ മൃഗത്തിന്റെ വെളിയിൽവെച്ച് പാലിന്റെ രൂപത്തിലാക്കാൻ മനുഷ്യന് സാധിക്കുകയില്ല. പക്ഷേ, അല്ലാഹു അതെടുത്ത് മൃഗങ്ങൾ മുഖേന പാലുണ്ടാക്കിത്തരുന്നു. ഇതിൽനിന്ന് മനുഷ്യൻ ഉപദേശം കരസ്ഥമാക്കേണ്ടതാണ്. അതേ പ്രകൃതിപരമായ അധ്യാപനങ്ങളിലൂടെ നടന്ന് മനുഷ്യന് യഖീൻ അഥവാ ദൃഢജ്ഞാനത്തിന്റെ നിലവരെ എത്താൻ കഴിയുകയില്ല. ആയിരക്കണക്കിന് അഴുക്കും പോരായ്മയും അതിൽ കാണാം. അല്ലാഹു ഉണ്ടാക്കിയിട്ടുള്ള ആത്മീയമായ മിഷ്യനിലൂടെ കടക്കുമ്പോൾ ശുദ്ധമായ പാലുപോലെയായിത്തീരുന്നു. അതിൽനിന്ന് ഒരു തരത്തിലുള്ള ക്ഷതവും ആത്മീയാരോഗ്യത്തെ ബാധിക്കുകയില്ല. എന്നല്ല എല്ലാ രീതിയിലും ഫലമാണുണ്ടാകുന്നത്. അതിനാൽ മൃഗങ്ങളുടെ ഉള്ളിലുണ്ടാകുന്ന പാലിൽനിന്ന് ഇവരെന്തുകൊണ്ട് പാഠം കരസ്ഥമാക്കുന്നില്ല. മനുഷ്യന്റെ യഥാർഥ ആഹാരം പ്രകൃതിക്കനുസൃതമായിത്തീരുന്നത് അല്ലാഹു അവയെ ആത്മീയമായ പാലിന്റെ രൂപത്തിലാക്കുമ്പോഴാണെന്ന് മനസ്സിലാക്കുന്നില്ല. ഈ ജോലി മനുഷ്യന് സ്വയം ചെയ്യാൻ സാധിക്കുകയില്ല. അവന് വൈക്കോലിനെ പാലാക്കിമാറ്റാൻ സാധിക്കുകയില്ല. പ്രകൃതിയുടെ ഈ നിർമിതവികാരങ്ങൾ ഉന്നതമായ വിദ്യയാക്കി മാറ്റാൻ അവനെങ്ങനെയാണ് കഴിയുക. *(തഫ്സീറെ കബീർ വാള്യം 4, പേജ് 190, ഖാദിയാൻ എഡിഷൻ 2010)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin